മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 31 THE ONLINE OFFICIAL NEWS BULLETIN 2025 July 31

SEASON OF TRANSFIGURATION | തേജസ്കരണകാലം | ...

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
3	4	5	6	7	8	9
8th Sunday after Pentecost			✝ Mtale The Feast of Transfiguration 60th Mem. of "Malankarayude Dharma Yogi" Alexious Mar Theodosios OIC ✠ (Bethany Ashram Perunad)	Comme. of St. Demetrios of Thessaloniki		✝ Comme. Of St. Mathias the Apostle Mem. of Arch Deacon Geevarghese the Great ✠ (Angamaly Cheriay Palli)

കന്യാസ്ത്രീകളുടെ അറസ്റ്റിൽ പ്രതിഷേധിച്ച് മലങ്കരസഭ. കന്യാസ്ത്രീകൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്. ഭരണഘടന നൽകിയിരിക്കുന്ന മൗലികമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ. സഭാ ആസ്ഥാനത്ത് നടന്ന പ്രതിഷേധത്തിൽ മലങ്കരസഭയുടെ മുഴുവൻ മെത്രാപ്പോലീത്താമാരും പങ്കെടുത്തു.

തുമ്പമൺ എം.ജി ഹയർ സെക്കന്ററി സ്കൂളിലെ നവീകരിച്ച ഓഫീസ് റൂമിന്റെയും, കമ്പ്യൂട്ടർ - മാത്തമാറ്റിക്സ് ലാബിന്റെയും കൂദാശാകർമ്മം കാതോലിക്കേറ്റ് & എം.ഡി സ്കൂൾസ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. സ്കൂൾ കോ-ഓർഡിനേറ്റർ ഫാ. ബിജു മാത്യു, സ്കൂൾ ഗവേണിംഗ് ബോർഡ് അംഗങ്ങളായ ഫാ. ഫിലിപ്പോസ് ദാനിയേൽ, ഫാ. ജിജി സാമുവേൽ എന്നിവർ സഹകാർമികത്വം വഹിച്ചു. കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പൂർണ്ണ സഹായത്തോടെയാണ് നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്.

എപ്പിസ്കോപ്പൽ സുന്നഹദോസ്

ദേവലോകം: മലങ്കരസഭയുടെ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ചൊവ്വാഴ്ച മുതൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടക്കുന്നു. പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരുമേനി അധ്യക്ഷത വഹിക്കുന്നു. മലങ്കര സഭയിലെ മുഴുവൻ മെത്രാപ്പോലീത്തമാരും പങ്കെടുക്കുന്നു.

നവതി നിറവിൽ വലിയ മെത്രാപ്പോലീത്താ. ആശംസകൾ നേർന്ന് പ. കാതോലിക്കാ ബാവാ

മാരാമൺ: നവതി ആഘോഷിക്കുന്ന മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്താ കുറിയാക്കോസ് മാർ ക്ലീമ്മിസിന് ആശംസകൾ നേരാൻ സഭാധ്യക്ഷനെത്തി. മാരാമണ്ണിലെ സമഷ്ടിയിലെത്തിയാണ് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ വലിയ തിരുമേനിയ്ക്ക് ആശംസകൾ നേർന്നത്. കുറിയാക്കോസ് അച്ചനായി വള്ളിക്കാട്ട് ദയറായിൽ താമസിക്കുന്ന കാലത്താണ് ഇരുവരും തമ്മിലുള്ള സൗഹൃദം തുടങ്ങുന്നത്. പരിശുദ്ധ കാതോലിക്കാ ബാവായുടെ സ്ഥാനാരോഹണച്ചടങ്ങിന് മുഖ്യകാർമ്മികത്വം വഹിച്ചതും വലിയ മെത്രാപ്പോലീത്തായായിരുന്നു. ആത്മീയതയുടെ വറ്റാത്ത തെളിനീരുറവയായി കാലങ്ങളോളം ഒഴുകുവാൻ തിരുമേനിക്ക് കഴിയട്ടെയെന്ന് പ. കാതോലിക്കാ ബാവാ ആശംസിച്ചു.

കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, ഗീവർഗീസ് മാർ കൂറിലോസിനെ രാജ്ഭവനിൽ ആദരിച്ചു. സ്ലീബാദാസ സമൂഹം ജനറൽ സെക്രട്ടറി ഫാ. ഡോ. സോമു കെ. സാമുവേൽ, ബി.ജെ.പി. സ്റ്റേറ്റ് എക്സിക്യൂട്ടിവ് അംഗവും, ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് നാഷണൽ ജനറൽ സെക്രട്ടറിയുമായ അഡ്വ. കെ. വി. സാബു, വി. കെ. വർഗീസ് (സഭാ മാനേജിംഗ് കമ്മിറ്റിയംഗം) എന്നിവരും മെത്രാപ്പോലീത്തായോടൊപ്പം ഉണ്ടായിരുന്നു.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1960)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



9-10-1960. ഇന്നു രാവിലെ വി. കുർബ്ബാന മാനേജർ റ്റി. സി. ജേക്കബ് കത്തനാർ ചൊല്ലി. കുർബ്ബാനമദ്ധ്യേ നാം പ്രസംഗിച്ചു. പത്രോസ് പാത്രിയർക്കീസ് ബാവായുടെ ഓർമ്മദിവസമായിരുന്നതിനാൽ നാം അദ്ദേഹത്തിനു വേണ്ടി ധൂപം വച്ച് പ്രാർത്ഥന നടത്തി. ഇന്ന് പ്രത്യേക വിശേഷങ്ങൾ ഒന്നും തന്നെയില്ല.

10-10-1960. തിങ്കൾ. ഇന്ന് പ്രത്യേകം വിശേഷങ്ങൾ ഒന്നും തന്നെയില്ല. റ്റി. ജി. സഖറിയാ ശെമ്മാശൻ വീട്ടിലേക്കു പോയി.

11-10-1960. തിരുവനന്തപുരം പള്ളിയുടെ ട്രസ്റ്റിയും എറികാട്ടെ മാത്തച്ചനും കൂടി ഇന്ന് ഇവിടെ വന്നു നമ്മെ കണ്ടു. തിരുവനന്തപുരം പള്ളി കൂദാശയ്ക്കു നമ്മെ ക്ഷണിക്കുവാൻ വന്നതായിരുന്നു. നേരത്തെയുള്ള അവരുടെ ക്ഷണമനുസരിച്ച് 23-ാം തീയതി തന്നെ കൂദാശ ചെയ്തുകൊടുക്കാമെന്ന് നാം പറഞ്ഞു. അവർ തിരികെ പോയി. കൊല്ലാട്ടു പള്ളിയിൽ നിന്നും അലക്സാണ്ടർ കത്തനാർ ഇവിടെ വന്നിട്ടുണ്ടായിരുന്നു. പാറേട്ട് മെത്രാച്ചൻ ഇവിടെ വന്നിരുന്നു. മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

12-10-1960. നമ്മുടെ അമ്മയുടെ ഓർമ്മദിവസം ആയതുകൊണ്ടു വി. കുർബ്ബാന ചൊല്ലുന്നതിന് കുറിച്ചി പള്ളിയിലേക്ക് പോയി വി. കുർബ്ബാന നാം ചൊല്ലി. 11 മണിയോടു കൂടി തിരികെ പോന്നു. ആ പള്ളിയിലെ വികാരിയെ കൂടാതെ തകടിയിൽ യാക്കോബ് കത്തനാരും പള്ളിയിൽ വന്നിട്ടുണ്ടായിരുന്നു.

13-10-1960. ഇന്ന് ഉച്ചയ്ക്കു ശേഷം ദീവന്നാസ്യോസ് മെത്രാച്ചൻ തിരുവല്ലായിൽ നിന്നു ഇവിടെ വന്നിരുന്നു. നിരണം പള്ളി സംബന്ധിച്ച ചില കാര്യങ്ങൾ നമ്മോടു ആലോചിക്കുന്നതിനും പറയുന്നതിനുമായിട്ടാണ് മെത്രാച്ചൻ ഇവിടെ വന്നത്. മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന ഇടവകയോഗം ശരിയല്ലെന്നു കാണിച്ചു കൊച്ചുമത്തായി കോടതിയിൽ കേസു കൊടുത്തിരിക്കുന്നു എന്ന് അദ്ദേഹം നമ്മോടു പറഞ്ഞു. കൂടാതെ നാം തിരുവനന്തപുരത്ത് പോയിട്ട് തിരികെ വരുമ്പോൾ പത്തനാപുരത്ത് കൂടി ചെല്ലണമെന്നു മെത്രാച്ചൻ നമ്മോടു ആവശ്യപ്പെട്ടു. അവിടെ ഒരു ദിവസം താമസിച്ചിട്ടു അതു വഴി പരുമലയ്ക്കു പോകാമെന്ന് നാം മെത്രാച്ചനോടു പറഞ്ഞു. ദയറായിലെ രണ്ടു ശെമ്മാശന്മാർക്കു കശ്ശീശാപട്ടം നൽകണമെന്ന് അദ്ദേഹം നമ്മോടു പറഞ്ഞു. അദ്ദേഹത്തിന് നാം ഒരു ചുമന്ന കുപ്പായത്തിന് തുണി സമ്മാനമായി കൊടുത്തു. അദ്ദേഹം 5 മണിയോടു കൂടി ഇവിടെ നിന്നു തിരികെ പോയി.

14-10-1960. ഇന്ന് രാവിലെ മോടിശ്ശേരിൽ മാത്യൂസ് കത്തനാർ ഇവിടെ വന്നിരുന്നു. നിരണം പള്ളി സംബന്ധിച്ച ചില കാര്യങ്ങൾ അയാൾ നമ്മോടു പറഞ്ഞു. എം. വി. ജോർജ് കത്തനാർ ഇന്ന് ഇവിടെ വന്നിരുന്നു. വേദശാസ്ത്ര സംബന്ധമായ ചില സംശയങ്ങൾ അയാൾ നമ്മോടു ചോദിച്ചു. കെ. വി. ഗീവറുഗീസ് റമ്പാൻ ഇവിടെ വന്നിരുന്നു. കുലശേഖരം പള്ളി പണിക്കു വേണ്ടി 100 രൂപ നാം റമ്പാനെ ഏല്പിച്ചു. അദ്ദേഹം നാലു മണിക്ക് തന്നെ തിരികെ പോയി.

15-10-1960. ഇന്നു രാവിലെ വി. കുർബ്ബാന എൻ. എ. യൂഹാനോൻ കത്തനാർ ചൊല്ലി. കുർബ്ബാനയ്ക്കു ശേഷം കെ. എം. അലക്സാണ്ടർ കത്തനാരുടെ മൂത്ത മകൾ സാറായെ മാമോദീസാ മുക്കിക്കൊടുത്തു. സഖറിയാ ശെമ്മാശന്റെ അപ്പൻ ഗീവറുഗീസ് കത്തനാർ സുഖക്കേടായി ആശുപത്രിയിൽ കിടക്കുന്ന വിവരം ശെമ്മാശൻ നമ്മെ അറിയിച്ചു. റ്റി. ജി. സഖറിയാ ശെമ്മാശൻ ഇന്നു രാവിലെ ഉമയാറ്റുകരയ്ക്കു പോയി. ഇന്ന് മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

16-10-1960. രാവിലെ വി. കുർബ്ബാന എരുത്തിക്കലെ തോമസ് കത്തനാർ ചൊല്ലി. അയാൾ പട്ടം ഏറ്റതിനുശേഷം ആദ്യമായിട്ട് ദേവലോകം അരമനയിൽ വി. കുർബ്ബാന ചൊല്ലുകയായിരുന്നു. വി. കുർബ്ബാനമദ്ധ്യേ അയാൾ പ്രസംഗിച്ചു. രണ്ടു മണിയോടു കൂടി അയാൾ തിരികെ പോയി. റ്റി. ജി. സഖറിയാ ശെമ്മാശൻ അരമന പണിയുടെ പ്ലാൻ വരയ്ക്കുന്നതിനു സിറിയക്കിനെ കാണുന്നതിനായി പോയി. ഇന്ന് മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

17-10-1960. സെമിനാരിയിൽ നിന്നു ഫീലിപ്പോസ് കത്തനാർ വന്നിട്ടുണ്ടായിരുന്നു. പടിഞ്ഞാറേക്കര പി. സി. ഏബ്രഹാം ഇന്ന് ഇവിടെ വന്നു പ്ലാനിംഗ് കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട് വായിച്ചു നമ്മെ കേൾപ്പിച്ചു. അത് അച്ചടിച്ച് മാനേജിംഗ് കമ്മിറ്റിയംഗങ്ങൾക്ക് വിതരണം ചെയ്യുന്നതാണെന്നും അവൻ നമ്മോടു പറഞ്ഞു. ഇന്ന് പ്രത്യേക വിശേഷങ്ങൾ ഒന്നും തന്നെയില്ല.

18-10-1960. ഇന്നു രാവിലെ മാനേജർ റ്റി. സി. ജേക്കബ് കത്തനാർ ബഥനി ആശ്രമത്തിലേക്കു പോയി. തേവോദോസ്യോസ് മെത്രാച്ചന്റെ കാലിൽ പരുവായി കിടക്കുന്നു എന്നുള്ള വിവരം അറിഞ്ഞ് ഡോക്ടർ പൗലോച്ചനെ കൊണ്ടു ആശ്രമത്തിലേക്കു പോയതാണ്. രണ്ടു മണിയോടുകൂടി അയാൾ തിരികെ വന്നു. മെത്രാച്ചനെ കോട്ടയം ആശുപത്രിയിലേക്കു കൊണ്ടുവരുമെന്നു നമ്മോടു പറഞ്ഞു. ചിലപ്പോൾ ഓപ്പറേഷൻ ചെയ്യേണ്ടി വരുമെന്ന് അറിയിച്ചു.

ഇന്നു രാവിലെ പത്തു മണിയോടു കൂടി വർക്കിംഗ് കമ്മിറ്റി മീറ്റിംഗ് ഉണ്ടായിരുന്നു. പത്തു മണിക്കു തന്നെ ആരംഭിച്ചു. പ്രാർത്ഥനയോടുകൂടി മീറ്റിംഗ് തുടങ്ങി. ശേഷം യോഗനടത്തിപ്പ് അത്താനാസ്യോസ് മെത്രാച്ചൻ ആയിരുന്നു. ഒരു മണിക്ക് മീറ്റിംഗ് തീർന്നു. കമ്മിറ്റി അംഗങ്ങൾ എല്ലാവർക്കും അരമനയിൽ നിന്നു ഉച്ചഭക്ഷണം കൊടുത്തു.

രാവിലെ 10 മണിക്ക് തീമോത്തിയോസ് മെത്രാച്ചൻ വന്നു വിവരങ്ങൾ പറഞ്ഞു. മെത്രാച്ചൻ വെല്ലൂർ ആശുപത്രിയിൽ പോയശേഷം ആദ്യമായിട്ടു വരി

കയായിരുന്നു. ഒസ്താത്തിയോസ് മെത്രാച്ചനും രാവിലെ വന്ന് ഇവിടെ അരമനയിൽ താമസിക്കുന്നു.

കോട്ടയം കലക്ടർ എം. എം. വർക്കി നമ്മെ വന്നു കണ്ടു. അദ്ദേഹവുമായി 5 മിനിട്ട് നേരം സംസാരിച്ചശേഷം അയാൾ തിരികെ പോയി.

ഉച്ചയ്ക്കുശേഷം മാർ സേവേറിയോസ്, ഗ്രീഗോറിയോസ്, ഈവാനിയോസ്, കൂറിലോസ്, പീലക്സിനോസ്, ദീവന്നാസ്യോസ് എന്നീ മെത്രാച്ചന്മാർ വന്നു അരമനയിൽ താമസിക്കുന്നു. സന്ധ്യാ നമസ്കാരത്തിനു ശേഷം നമ്മുടെ അദ്ധ്യക്ഷതയിൽ മെത്രാച്ചന്മാരുടെ ഒരു പ്രത്യേക മീറ്റിംഗ് കൂടി നാളെ നടക്കുവാൻ പോകുന്ന മാനേജിംഗ് കമ്മിറ്റി മീറ്റിംഗിലെ വിഷയങ്ങളെക്കുറിച്ച് പൊതുവെ ചർച്ച നടത്തി. മലങ്കര മെത്രാപ്പോലീത്തായുടെയും കാതോലിക്കായുടെയും തെരഞ്ഞെടുപ്പ് നടത്തുന്നതിനെക്കുറിച്ച് ആലോചിച്ചു. മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും ഒരാളായിരിക്കണമെന്നു മെത്രാച്ചന്മാർ പൊതുവെ അഭിപ്രായപ്പെട്ടു. സേവേറിയോസ് മെത്രാച്ചനും ഗ്രീഗോറിയോസ് മെത്രാച്ചനും രണ്ടാളായിരിക്കണമെന്നു അഭിപ്രായപ്പെട്ടു. ഏഴു മണിക്കു യോഗം തീർന്നു. സന്ധ്യ മേശയ്ക്കു ശേഷം ഗ്രീഗോറിയോസ്, സേവേറിയോസ്, കൂറിലോസ് എന്നീ മെത്രാച്ചന്മാർ പഴയസെമിനാരിയിലേക്കു പോയി. വട്ടക്കുന്നേലെ മെത്രാൻ ഇന്ന് ഈ മീറ്റിംഗിൽ വന്നില്ല. എറികാട്ടെ ബേബി തന്നെ സെക്രട്ടറിയായി നിൽക്കണമെന്ന് നാം അവനെ വിളിച്ചു വരുത്തി പറഞ്ഞു. അതിന് അവൻ നമ്മോടു എതിരൊന്നും പറഞ്ഞില്ല. മറ്റ് വിശേഷങ്ങൾ ഒന്നും തന്നെയില്ല.

19-10-1960. മാനേജിംഗ് കമ്മിറ്റി. 9 മണിക്ക് പഴയസെമിനാരിയിലേക്കു പോയി. ക്ലീമിസ്, പാമ്പാടി മെത്രാച്ചൻ, തേവോദോസ്യോസ് എന്നീ മെത്രാന്മാർ ഒഴിച്ചുള്ളവർ പഴയസെമിനാരിയിൽ വന്നിരുന്നു. 10.30-നു മീറ്റിംഗ് നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി ആരംഭിച്ചു. നമ്മുടെ ഉപക്രമ പ്രസംഗത്തിനു ശേഷം പ്രോഗ്രാമിൽ കൊടുത്തിട്ടുള്ള വിഷയങ്ങളെക്കുറിച്ചു ചർച്ച നടത്തി. തുടർന്നുള്ള സമ്മേളനം മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാച്ചന്റെ അദ്ധ്യക്ഷതയിൽ നടന്നു. കമ്മിറ്റിയിൽ പ്ലാനിംഗ് കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട് വായിച്ചു. കാതോലിക്കായുടെ പിൻഗാമിയായി ഒരാളെ മാത്രം തിരഞ്ഞെടുത്താൽ മതിയെന്നു തീരുമാനിച്ചു. മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും രണ്ടാളായിരിക്കണമെന്ന് കമ്മിറ്റിയിൽ ഏതാനുംപേർ അഭിപ്രായപ്പെട്ടു. അങ്ങനെ രണ്ടായിരുന്നാൽ ഭാവിയിൽ മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടാകുമെന്നുള്ളതുകൊണ്ട് ഒരാളെ മാത്രം തിരഞ്ഞെടുത്താൽ മതിയെന്ന് കമ്മിറ്റി തീരുമാനം എടുത്തു.

സമുദായ സെക്രട്ടറിയായി എറികാട്ട് ഇ. ജെ. ജോസഫിനെ തന്നെ എതിരില്ലാതെ വീണ്ടും തിരഞ്ഞെടുത്തു. കമ്മിറ്റി 4-30-ന് നിർത്തി. തിരികെ ദേവലോകത്തേക്കു വരുന്ന വഴി രോഗിയായി ആശുപത്രിയിൽ കിടക്കുന്ന തേവോദോസ്യോസ് തിരുമേനിയെ നാം സന്ദർശിച്ചു. നമ്മുടെ കൂടെ പീലക്സിനോസ് മെത്രാച്ചൻ ഉണ്ടായിരുന്നു. 5 മണിക്ക് ദേവലോകത്തു വന്നു.

ചാക്കോപ്പിള്ള ഇന്ന് ഇവിടെ വന്നു. നമുക്ക് പുതുതായി പണിയാൻ പോകുന്ന അരമനയുടെ പണിയുടെ ചുമതല ഏൽക്കണമെന്ന് അയാളോടു പറഞ്ഞു. അങ്ങനെ ചെയ്യാമെന്ന് പറഞ്ഞു. പുതിയ കെട്ടിടത്തിന്റെ പ്ലാൻ സിറിയക്ക് വരച്ചതാണ്. മനോരമയിലെ തമ്പാൻ, കെ. എം. ചെറിയാൻ, ഉപ്പൂട്ടിലെ കുഞ്ഞച്ചൻ മുതലായവർ ഇവിടെ വന്നു കണ്ടു. അവർ എല്ലാവരും തന്നെ പണിയുടെ ചുമതല ചാക്കോപ്പിള്ള തന്നെ ഏറ്റു നടത്തുന്നതു നന്നായിരിക്കുമെന്നു നമ്മോടു പറഞ്ഞു. ഇന്ന് മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

20-10-1960. കുണ്ടറ സെമിനാരി. രാവിലെ പുതിയ അരമനയുടെ പ്ലാൻ അനുസരിച്ചു കുറ്റി നാട്ടിയത് നാം നടന്നു കാണുകയുണ്ടായി. ഏലിയാസ് കോറെപ്പിസ്കോപ്പാ ഇന്ന് ഇവിടെ വന്നിരുന്നു. ഉച്ചയ്ക്കുശേഷം നാം കുണ്ടറ സെമിനാരിയിലേക്കു പോയി. തിരുവല്ല അരമനയിൽ താമസിക്കണമെന്ന് നേരത്തെ നിശ്ചയിച്ചതാണ്. എന്നാൽ ദീവന്നാസ്യോസ് മെത്രാച്ചൻ അവിടെ ഇല്ലെന്ന് അറിഞ്ഞതുകൊണ്ടാണ് ഇന്നു തന്നെ കുണ്ടറ സെമിനാരിയിലേക്കു പോയത്. ഇവിടെയെത്തി പള്ളി പണി കാണുക ഉണ്ടായി. മറ്റ് വിശേഷങ്ങൾ ഒന്നും തന്നെയില്ല.

21-10-1960. കുണ്ടറ സെമിനാരി. ഉച്ചയ്ക്കുശേഷം കുണ്ടറ സെമിനാരിയിൽ നിന്നു തിരുവനന്തപുരത്തേക്കു യാത്ര തിരിച്ച് അഞ്ചര മണിയോടു കൂടി അവിടെയെത്തി. ഒസ്താത്തിയോസ്, കൂറിലോസ് എന്നീ തിരുമേനിമാർ അവിടെ ഉണ്ടായിരുന്നു. ലുത്തിനിയായ്ക്കു ശേഷം പുതുക്കി പണിത പുതിയ പള്ളിനാം കാണുക ഉണ്ടായി. സന്ധ്യാ നമസ്കാരത്തിനുശേഷം എ. വി. തോമസ് കത്തനാർ പ്രസംഗിച്ചു. ഇന്ന് മറ്റു വിശേഷങ്ങൾ ഒന്നും തന്നെയില്ല.

22-10-1960. ഇന്നു രാവിലെ ഇ. ജെ ഫീലിപ്പോസ് നമ്മെ വന്നു കണ്ടു. ഉച്ചയ്ക്കു ശേഷം മാർ പീലക്സിനോസ് മെത്രാച്ചൻ ഇവിടെ വന്നു. പത്തനാപുരത്തു നിന്നു മല്പാൻ യോഹന്നാൻ കത്തനാർ ഇവിടെ വന്നിട്ടുണ്ട്. സന്ധ്യാ നമസ്കാരത്തിനു ശേഷം പള്ളിയുടെ കൂദാശ തുടങ്ങി. നമ്മെ കൂടാതെ മാർ പീലക്സിനോസ്, മാർ കൂറിലോസ്, മാർ ഒസ്താത്തിയോസ് എന്നിവർ കൂദാശയിൽ സംബന്ധിച്ചിരുന്നു. 8 മണിക്ക് കൂദാശ തീർന്നു. ധാരാളം ആളുകൾ ആരാധനയിൽ സംബന്ധിച്ചിരുന്നു.

23-10-1960. തിരുവനന്തപുരം സെന്റ് ജോർജ് സുറിയാനി പള്ളിയുടെ കൂദാശാകർമ്മം ഇന്നു രാവിലെ 6 മണിയോടു കൂടി ആരംഭിച്ചു. വലിയ ത്രോണോസ് ഗീവറുഗീസു സഹദായുടെയും ചെറിയ ത്രോണോസിൽ വടക്കേത് കന്യകമറിയാമിന്റെയും തെക്കേത് ഗീവറുഗീസ് സഹദായുടെയും നാമത്തിൽ ആണ് പ്രതിഷ്ഠിക്കപ്പെട്ടത്. 11 മണിയോടു കൂടി കൂദാശ കഴിഞ്ഞു. മാർ പീലക്സിനോസ്, മാർ കൂറിലോസ് എന്നീ തിരുമേനിമാർ കൂദാശയിൽ നമ്മെ സഹായിച്ചു. ഉദ്യോഗസ്ഥന്മാരായ പല ആളുകൾ നമ്മെ കാണുവാൻ വന്നു. ജോസഫ് ചാഴിക്കാടൻ എം.എൽ.എ. നമ്മെ വന്നു കണ്ടു. നാം പത്തു മിനിറ്റു നേരം അയാളോടു സംസാരിച്ചു. ഇന്ന് മറ്റു പ്രത്യേക വിശേഷങ്ങൾ ഒന്നും തന്നെയില്ല.

24-10-1960. രാവിലെ 8 മണിക്ക് ദീവന്നാസ്യോസ് മെത്രാച്ചൻ നമ്മുടെ പ്രത്യേക ക്ഷണമനുസരിച്ച് ഇവിടെ വന്നു. രാവിലെ 10 മണിക്ക് തിരുവിതാംകൂർ മഹാരാജാവിനെ കാണുവാൻ കവടിയാർകുന്നു കൊട്ടാരത്തിലേക്കു പോയി. നമ്മുടെ കൂടെ ദീവന്നാസ്യോസ് മെത്രാച്ചൻ, കൂറിലോസ് മെത്രാച്ചൻ, ഒസ്താത്തിയോസ് മെത്രാച്ചൻ എന്നിവർ ഉണ്ടായിരുന്നു. കവടിയാറിൽ ചെന്നപ്പോൾ രാജാവും അമ്മ മഹാറാണിയും കൂടെ നമ്മെ സ്വീകരിച്ചു. കുശലപ്രശ്നങ്ങൾ നമ്മോടു പറഞ്ഞു. അമ്മ മഹാറാണി സംസാരമദ്ധ്യേ ആരാധനക്രമങ്ങൾ എല്ലാം മലയാളത്തിൽ ആക്കുന്നത് നല്ലതാണെന്നു പറഞ്ഞു.

4 മണിക്ക് മറ്റു തിരുമേനിമാരോടും കൂടി നാം കേരള ഗവർണർ ഗിരിയെ കാണുവാൻ രാജഭവനത്തിലേക്കു പോയി. അദ്ദേഹം നമ്മെ സ്വീകരിക്കുകയും നമുക്ക് കാപ്പിസൽക്കാരം നൽകുകയും ചെയ്തു. മന്ത്രി ഇ. പി. പൗലോസ് സൽക്കാരത്തിൽ പങ്കുകൊണ്ടിരുന്നു.

25-10-1960. ഇന്നു രാവിലെ വി. കുർബ്ബാന ഈപ്പൻ കത്തനാർ ചൊല്ലി. 9 മണിക്ക് ഒസ്താത്തിയോസ് മെത്രാച്ചൻ ചെങ്ങന്നൂർക്ക് പോയി. കൂറിലോസ് മെത്രാച്ചൻ കൊല്ലത്തേക്കു പോയി. 9 മണിക്ക് പത്തനാപുരത്തേക്കു യാത്ര തിരിച്ചു. നമ്മുടെ കാറിൽ ദീവന്നാസ്യോസ് മെത്രാച്ചൻ ഉണ്ടായിരുന്നു. വഴിക്ക് ആയൂർ പള്ളിക്കാർ നമ്മെ സ്വീകരിച്ചു. 12.30-നു പത്തനാപുരത്ത് എത്തി. ബി. റ്റി. കോളജിലെയും ഹൈസ്കൂളിലെയും വിദ്യാർത്ഥികൾ വെയിലത്തു നമ്മെ സ്വീകരിക്കുവാനായിട്ട് കാത്തു നിൽക്കുകയായിരുന്നു. കോളജ് പ്രിൻസിപ്പാളും ഹൈസ്കൂൾ ഹെഡ്മാസ്റ്ററും ഹാരങ്ങൾ നമുക്ക് അർപ്പിച്ചു. അവിടെ കൂടിയിരുന്ന പിള്ളാരോട് നാം അല്പനേരം ഉപദേശിച്ചു. ഉച്ചയ്ക്കുശേഷം നാം വിശ്രമം എടുക്കുന്നു.

26-10-1960. ഇന്നു രാവിലെ വി. കുർബ്ബാന ഉണ്ടായിരുന്നു. ഐസക്ക് കത്തനാരാണ് വി. കുർബ്ബാന ചൊല്ലിയത്. റ്റി. കെ. ഉമ്മൻ ഇന്നു വന്നു നമ്മെ കണ്ടു. പത്തനാപുരം മഠത്തിലെ അംഗങ്ങൾ എല്ലാവരും കൂടെ വന്നു നമ്മെ കണ്ടു. അവർ നമുക്ക് രണ്ട് മസ്നപ്സാ കാഴ്ചയായി കൊണ്ടുവന്നു തന്നു. ഇന്ന് പീലക്സിനോസ് മെത്രാച്ചൻ പത്തനംതിട്ട നിന്നു ഇവിടെ വന്നിരുന്നു. നാളെ പത്തനംതിട്ട പുതുതായി പണിയുന്ന തുമ്പമൺ ഭദ്രാസന ദൈവാലയത്തിന്റെ കല്ലിടീൽ കർമ്മം നടത്തുന്നതിനു നമ്മെ ക്ഷണിച്ചു. രാവിലെ 10 മണിക്കു ശേഷമെങ്കിലും ചെല്ലണമെന്നു ആവശ്യപ്പെട്ടു. നാളെ ഇവിടെ വച്ചു നടത്തുന്ന പട്ടം കൊടയ്ക്കു ശേഷം യാത്ര ചെയ്യുന്നത് പ്രയാസമാണെന്നു നാം പറഞ്ഞു. എങ്കിലും മെത്രാച്ചൻ എല്ലാവരെയും വിവരം അറിയിച്ചതുകൊണ്ടു നാം ചെല്ലാമെന്നു മെത്രാച്ചനോടു പറഞ്ഞു. അദ്ദേഹം പത്തനംതിട്ടയ്ക്കു പോയി.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വിശാലതയിൽ കണ്ടെത്തിയ ആത്മീയതയുടെ പച്ചപ്പ് മാർ ക്ലീമിസ് വലിയ മെത്രാപ്പോലീത്തയ്ക്കു നവതി

ഡോ. ജോർജ് വർഗീസ് കൊപ്പാറ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ വലിയ മെത്രാപ്പോലീത്താ കുര്യാക്കോസ് മാർ ക്ലീമിസിന് നവതിയുടെ നിറവ്. 1936 ജൂലൈ 26-നു ജനിച്ച അദ്ദേഹത്തിന്റെ 90-ാം ജന്മദിനം നാളെയാണ്. കോയിപ്രം കൂർത്തമല നെല്ലിക്കൽ കുടുംബത്തിലാണ് ജനനം.

സൃഷ്ടി മുഴുവൻ ദൈവികദാനമെന്നു വിശേഷിപ്പിക്കുന്ന വലിയ ഇടയന്റെ പിറന്നാൾ ദിനം താൻ തന്നെ കരുണയുടെ കരങ്ങൾ നീട്ടിക്കൊടുത്തവർക്കൊപ്പമായിരുന്നു. വെച്ചൂച്ചിറയിലെ മാർ ബസേലിയോസ് ഗ്രീഗോറിയോസ് മേഴ്സി ഹോമിലെ താമസക്കാർക്കൊപ്പം പിറന്നാൾ ദിനം ചെലവഴിച്ചു.

പ്രകൃതിയിലെ ജീവജാലങ്ങളും സസ്യലതാദികളും സമസൃഷ്ടമെന്നു വിശ്വസിക്കുന്ന വലിയ ഇടയനാണ് മാർ ക്ലീമിസ് മെത്രാപ്പോലീത്താ. ഓർത്തഡോക്സ് സഭയുടെ സുൽത്താൻ ബത്തേരി ഭദ്രാസനാധിപനായി ശുശ്രൂഷ ചെയ്ത മെത്രാപ്പോലീത്താ അവിടെനിന്ന് തുമ്പമൺ ഭദ്രാസന ചുമതലയേൽക്കാൻ പത്തനംതിട്ടയിലേക്കു വന്നത് ഒരു ലോറി നിറയെ വിവിധയിനം പശുക്കളുമായിട്ടാണ്. ദൈവജനത്തെയെന്നപോലെ പ്രകൃതിയെയും ജീവജാലങ്ങളെയും സ്നേഹിക്കുക എന്ന വലിയ സന്ദേശത്തിന്റെ പ്രഘോഷണമായിരുന്നു ആ വരവ്.

പത്തനംതിട്ടയിൽ ഉള്ളപ്പോൾ പുലർച്ചെ അഞ്ചിന് എഴുന്നേറ്റ് തൊഴുത്തിലേക്ക് പോകുന്ന മെത്രാനച്ചനെ ഒപ്പമുണ്ടായിരുന്നവർക്ക് മറക്കാനാകുന്നില്ല. ഓരോ പശുവിനെയും പേരു ചൊല്ലി വിളിച്ചു തലോടും. അതിനുശേഷം സ്വന്തമായുള്ള പച്ചക്കറി തോട്ടത്തിലേക്കൊരു യാത്ര. ശുദ്ധമായ പശുവിൻ പാൽ തേടി എത്തുന്നവരോടു രോഗങ്ങൾ അകറ്റാൻ പ്രകൃതിയെ പ്രണയിക്കാൻ ഉപദേശം. ശുദ്ധമായ മനസോടെ ശുദ്ധവായു ആവോളം ശ്വസിച്ചു തുടങ്ങുന്ന ഓരോ ദിവസവും അദ്ദേഹത്തിനു പുതിയ അനുഭവങ്ങളായി മാറി. പിന്നാലെ പ്രിയപ്പെട്ട അരുമകൾക്കായി അദ്ദേഹം പമ്പയുടെ തീരത്ത് വിശാലമായ പച്ചപ്പ് കണ്ടെത്തി. അങ്ങനെയാണ് സമഷ്മി എന്ന പേരിൽ മാരാമണ്ണിൽ പുതിയ ഒരു സ്ഥാപനവും കൃഷിയിടവുമെല്ലാം വരുന്നത്.

വിശാലതയിൽ ആത്മീയതയുടെ പച്ചപ്പ് കണ്ടെത്തിയ ശ്രേഷ്ഠാചാര്യന്റെ മനസ് വേദനിച്ച സംഭവമാണ് 2018-ലെ മഹാപ്രളയം, കോട്ടയത്ത് സഭയുടെ അടിയന്തര മീറ്റിംഗിൽ പങ്കെടുത്ത് തന്റെ പ്രിയപ്പെട്ട ഇടമായ സമഷ്ടിയിലേക്ക് വരുമ്പോഴേക്കും വെള്ളം കയറിയിരുന്നു. പമ്പയുടെ തീരം മുഴുവൻ മുങ്ങി. പക്ഷി മൃഗാദികളെയും സസ്യങ്ങളെയും ഓർത്ത് വേവലാതിപ്പെട്ടു. പരിചിതരായവരെയൊക്കെ വിളിച്ച് സഹായം തേടി. സമഷ്ടിയിലെ കെട്ടിടത്തിനു മുകളിലേക്ക് പശുക്കളെയും ആടിനെയും ഒക്കെ മാറ്റി. പിന്നീട് ഇവയെ സുരക്ഷിത ഇടങ്ങളിലേക്ക് കൊണ്ടുപോയി. പക്ഷേ പച്ചക്കറിയും കാർഷികവിളകളും സംരക്ഷിക്കാൻ കഴിയാതെ വന്നപ്പോൾ അദ്ദേഹത്തിന്റെ മനസ് നൊന്തു.

1989-ൽ പത്തനംതിട്ടയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിലാണ് ഫാ. പി. എം. കുര്യാക്കോസിനെ മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് തെരഞ്ഞെടുത്തത്. അതുവരെ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലെ ബോട്ടണി അധ്യാപകനായിരുന്നു കുര്യാക്കോസ് അച്ചൻ. ദൈവഹിതത്തിൽ പൂർണമായി വിശ്വസിക്കുന്നുവെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം.

തനിക്കായി ദൈവം കരുതിയിട്ടുള്ളത് ആർക്കും തട്ടിക്കൊണ്ടുപോകാൻ കഴിയില്ലായെന്നതാണ് ജീവിതം നൽകിയ പാഠമെന്ന് ക്ലീമിസ് തിരുമേനി പറയും. 1991-ൽ മാർ ക്ലീമിസ് എന്ന പേരിൽ മെത്രാപ്പോലീത്തായായ അദ്ദേഹം ആദ്യം നിയോഗിക്കപ്പെട്ടത് പുതിയ ഭദ്രാസനമായ സുൽത്താൻ ബത്തേരിയിലേക്കാണ്. ഒന്നുമില്ലായ്മയിൽ നിന്ന് ഒരു ഭദ്രാസനം കെട്ടിപ്പടുത്തു.

2009 മാർച്ചിലാണ് ബത്തേരിയിൽ നിന്നു പത്തനംതിട്ടയിലേക്കു മാറ്റപ്പെട്ടത്. പ്രഗത്ഭരായ തന്റെ മുൻഗാമികളിൽ ഏറെപ്പേരെയും നേരിട്ടു മനസിലാക്കിയിരുന്ന ക്ലീമിസ് മെത്രാപ്പോലീത്താ അതേ വഴിയിൽ ഭദ്രാസനത്തെ നയിച്ചു.

കരുണയുടെ പുതിയ പാതകൾ തുറന്ന് നിരവധി സ്ഥാപനങ്ങൾ കുറഞ്ഞ ഒരു കാലയളവു കൊണ്ട് സ്ഥാപിച്ചു. നവതി ആഘോഷിക്കുമ്പോൾ മാർ ക്ലീമിസ് വലിയ മെത്രാപ്പോലിത്തയ്ക്ക് അഭിമാനത്തോടെ പറയാനാകുന്നതും ഈ സ്ഥാപനങ്ങളെക്കുറിച്ചാണ്. തുമ്പമൺ ഭദ്രാസനത്തിനു കീഴിൽ ഇവയെല്ലാം നല്ല നിലയിൽ പ്രവർത്തിക്കുന്നു.

സമ്പാദ്യം മുഴുവൻ അശരണർക്കു നീക്കിവച്ച തിരുമേനി വെച്ചൂച്ചിറയിൽ തന്റെ സ്വന്തം സ്ഥലത്ത് ആരോരും ഇല്ലാത്ത വയോധികരെ സംരക്ഷിക്കുന്നതിനു വേണ്ടി വർഷങ്ങൾക്കു മുമ്പേ തുടങ്ങിയതാണ് മേഴ്സി ഹോം. ഇപ്പോൾ അവിടെ 120-ൽ പരം അന്തേവാസികളുണ്ട്. സിസ്റ്റർ തബീഥയുടെ നേതൃത്വത്തിലാണ് അവരെ സംരക്ഷിച്ചു വരുന്നത്.

സമൂഹത്തെ കാർന്നു തിന്നുന്ന കാൻസർ, വൃക്ക, മസ്തിഷ്ക രോഗികൾക്കു മെഡിക്കൽ സഹായവും ചികിത്സയും വീടുകളിൽ എത്തിച്ചു നൽകുന്ന പാലിയേറ്റീവ് മൊബൈൽ യൂണിറ്റ് അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ തുടങ്ങിയതാണ്. കോവിഡ് കാലത്ത് ഓക്സിജനുവേണ്ടി ആളുകൾ കാത്തിരുന്നപ്പോൾ പാലിയേറ്റിവ് യൂണിറ്റിന്റെ ഡയറക്ടർ ഫാ. ഗബ്രിയേൽ ജോസഫിന്റെ നേതൃത്വത്തിൽ നടത്തിയ ഇടപെടലുകൾ മാർ ക്ലീമിസ് മെത്രാപ്പോലീത്തായുടെ ദീർഘ വീക്ഷണം മൂലമായിരുന്നു.

സമൂഹത്തിന്റെയും സഭയുടെയും നന്മ മാത്രം ആ ഗ്രഹിക്കുന്ന മെത്രാപ്പോലീത്തായ്ക്ക് അധികാരത്തോടും ഭ്രമമുണ്ടായില്ല. മലങ്കര ഓർത്തഡോക്സ്

സഭയുടെ കാതോലിക്കയായിരുന്ന ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവ കാലം ചെയ്തപ്പോൾ സഭയ്ക്കു നേതൃത്വം നൽകാൻ സീനിയർ മെത്രാപ്പോലീത്തയെന്ന നിലയിൽ കുര്യാക്കോസ് മാർ ക്ലീമിസ് നിയോഗിക്കപ്പെട്ടു. തന്നിൽ സഭ അർപ്പിച്ച വിശ്വാസം കൃത്യമായി നിറവേറ്റി പുതിയ കാതോലിക്കാ ബാവയെ തെരഞ്ഞെടുക്കുന്നതിലും അഭിഷിക്തനാ ക്കുന്നതിലും മുഖ്യ പങ്ക് നിർവഹിച്ച് ക്ലീമിസ് തിരുമേനി തന്റെ ദൗത്യം പൂർത്തിയാക്കി മടങ്ങുന്നതാണ് കണ്ടത്. പിന്നീട് തുമ്പമൺ ഭദ്രാസന ചുമതലയും തന്റെ പിൻഗാമിയായി എത്തിയ ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തയെ ഏല്പിച്ച് താൻ ഏറെ ഇഷ്ടപ്പെടുന്ന സമഷ്ടിയിലേക്ക് അദ്ദേഹം മാറി. സഭയുടെ ചരിത്രത്തിൽ ഇതാദ്യമായി വലിയ മെത്രാപ്പോലീത്ത സ്ഥാനം എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അദ്ദേഹത്തിനു നൽകി.

സഭയുടെ പ്രതിസന്ധി ഘട്ടത്തിൽ സമചിത്തതയോടെ സഭാ നൗകയെ ഏക ദിശയിലേക്കു നയിക്കാൻ ദൈവം തന്ന അവസരത്തെ തിരുമേനി നന്ദിയോടെയാണ് ഓർക്കുന്നത്. സഭയുടെ ഭിത്തിയെ ബലവത്താക്കാ ൻ എനിക്കു പിന്നാലെ വരുന്നവനാണ് എന്നേക്കാളും ശ്രേഷ്ഠൻ എന്നു ലോകത്തോട് ഉറക്കെ വിളിച്ചു പറഞ്ഞ തിരുമേനി ലോകത്തുതന്നെ അവശേഷിക്കുന്ന അപൂർവ ജെനോസോമിൽപെട്ട ഒന്നാണെന്നു പറയാം. ദൈവം നൽകുന്ന ആയുസ് നന്മ ചെയ്യാനുള്ളതാണെന്ന ബോധ്യമുണ്ടാകണം. തിന്മ ഒഴിവാക്കണം. വിവേകത്തോടും ദൈവാശ്രയ ബോധത്തോടും കൂടി മറ്റുള്ളവർക്കു നന്മ ചെയ്യുക എന്നതാണ് നവതി ആഘോഷിക്കുന്ന വലിയ മെത്രാപ്പോലീത്തയ്ക്കു വിശ്വാസികൾക്ക് നൽകാനുള്ള സന്ദേശം.

ഫാ. സ്റ്റീഫൻ ജോർജ്ജിനെ കുന്നംകുളം ഭദ്രാസന സെക്രട്ടറിയായി തിരഞ്ഞെടുത്തു

കുന്നംകുളം ഭദ്രാസന വാർഷിക പൊതുയോഗം ആർത്താറ്റ് അരമനയിലെ സെന്റ് ഗ്രീഗോറിയോസ് ചാപ്പലിൽ വച്ച് കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ യൂലിയോസിന്റെ അധ്യക്ഷതയിൽ നടന്നു. ഭദ്രാസന സെക്രട്ടറിയായി ഫാ. സ്റ്റീഫൻ ജോർജ്ജ്, കുന്നംകുളം മെത്രാസന കൗൺസിൽ അംഗങ്ങളായി ഫാ. ജോൺ ഐസക് (പഴഞ്ഞി മേഖല), ഫാ. തോമസ് ചാണ്ടി (ചേലക്കര മേഖല), പി. ടി. ഐസക് (ചേലക്കര മേഖല), സി. കെ. ബാബു, അഡ്വ. മാത്യു ചാക്കപ്പൻ (കുന്നംകുളം മേഖല), സോണി സഖറിയ കെ. (പഴഞ്ഞി മേഖല) എന്നിവരെയും മെത്രാസന ഓഡിറ്ററായി സി. കെ. അപ്പുമോനെയും തിരഞ്ഞെടുത്തു. റവ. ഫാ. മാത്യു തോമസ് സ്വാഗതവും, ഫാ. ജോസഫ് ചെറുവത്തൂർ നന്ദിയും പറഞ്ഞു.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും എം.എസ്സി. സുവോളജിയിൽ മോനിഷ കെ. മാത്യൂ രണ്ടാം റാങ്ക് കരസ്ഥമാക്കി. മാവേലിക്കര വഴുവാടി മാർ ബസ്സേലിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

"വ്യക്തിപരമായ ഇഷ്ടങ്ങളും താല്പര്യങ്ങളും സാധിക്കണം എന്നു വിചാരിക്കാതെ ദൈവേഷ്ടം നടക്കണം എന്നായിരിക്കണം എല്ലായ്പ്പോഴും നിങ്ങളുടെ ഉദ്ദേശ്യം. ഈ നിഷ്ഠ പാലിക്കുമെങ്കിൽ നമ്മുടെ ഇടയിൽ അങ്ങിങ്ങായി കാണപ്പെടുന്ന എല്ലാ അസുഖങ്ങളും അസ്വാസ്ഥ്യങ്ങളും ഇല്ലാതായിക്കൊള്ളും. ... ക്രിസ്തീയ ഐക്യം നമ്മെ ഭരിക്കുകയും ചെയ്യും. 'സഹോദരന്മാരെ നിങ്ങളെല്ലാവരും ഒന്നുതന്നെ സംസാരിക്കുകയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം' എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി വി. പൗലൂസ് അപ്പോസ്തോലൻ കോരിന്ത്യരോടു പറഞ്ഞിട്ടുള്ള അതേ വാക്കുകളാൽതന്നെ നാമും നിങ്ങളെ ഉത്ബോധിപ്പിക്കുന്നു."

– പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവാ

(അന്ത്യ കല്പനയിൽ നിന്നും)

നവതി ദിനത്തിൽ കുറിയാക്കോസ് മാർ ക്ലീമിസ് വലിയ തിരുമേനിക്ക് അഖില മലങ്കര പ്രാർത്ഥനായോഗത്തിന്റെ ആദരവ്.

വയനാട് മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് മലങ്കരസഭ പ്രഖ്യാപിച്ച ഭവന പദ്ധതി പൂർത്തീകരണത്തിലേക്ക് കടക്കുന്നു

ബത്തേരി: പരിശുദ്ധ കാതോലിക്കാ ബാവായുടെ നിർദ്ദേശപ്രകാരം ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനും വീട് വെക്കുന്നതിനും ആവശ്യമായ നടപടികൾ പൂർത്തീകരിക്കുന്നതിന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗം പ്രസിഡന്റ് ഡോ. എബ്രഹാം മാർ സെറാഫിം, സുൽത്താൻ ബത്തേരി ഭദ്രാസന മെത്രാപ്പൊലിത്താ ഡോ. ഗീവർഗീസ് മാർ ബർന്നബാസ്, വൈദിക ട്രസ്റ്റി ഫാ. സജി അമയിൽ, അൽമായ ട്രസ്റ്റി ബഹു. റോണി വർഗീസ്, സുൽത്താൻ ബത്തേരി ഭദ്രാസന സെക്രട്ടറി ഫാ. ബേബി ജോൺ, സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങളായ ഫാ. ഗീവർഗീസ് ജോർജ്, ഫാ. ജോസഫ് പി. വർഗീസ്, ഫിലിപ്പ് സി.ഇ, ബിജു സ്കറിയ, ബിജു എൻ സി, സണ്ണി, പൊതുപ്രവർത്തകരായ ഇ. ജെ. ബാബു, തോമസ്, പി.ആർ.ഒ. ഫാ. നിബിൻ ജേക്കബ് എന്നിവർ മേഖലയിലെ വിവിധ സ്ഥലങ്ങൾ സന്ദർശിക്കുകയും വേണ്ടുന്ന ക്രമീകരണങ്ങൾ നിർവഹിക്കുകയും ചെയ്തു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Surat, Ecumenical Clergy Fellowship honoured HH Baselius Marthoma Mathews II during the Golden Jubilee Closing Ceremony.

വയനാട്ടിൽ സ്വന്തം നിലയിൽ ഭവന നിർമ്മാണം പൂർത്തിയാക്കാൻ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

കോട്ടയം: വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിന്റെ ഒന്നാം വാർഷിക ദിനത്തിൽ അകാലത്തിൽ പൊലിഞ്ഞവർക്ക് ആദരം അർപ്പിച്ച് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്. സകലവും നഷ്ടപ്പെട്ട ജനത്തിന്റെ അതിജീവനത്തിന് കൈത്താങ്ങായി സഭയുണ്ടാകുമെന്ന് പരിശുദ്ധ സുന്നഹദോസ് വ്യക്തമാക്കി. ദുരന്ത ബാധിതർക്കായി സഭയുടെ നേതൃത്വത്തിൽ 50 ഭവനങ്ങൾ നിർമ്മിച്ച് നൽകുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനായി രണ്ട് ഏക്കർ സ്ഥലം വില കൊടുത്ത് വാങ്ങുവാൻ തീരുമാനമായി. ദുരന്തമേഖലയിൽ പുനരധിവാസത്തിനായി സർക്കാർ ഏറ്റെടുത്തിരിക്കുന്ന ഭൂമിയിൽ ഭവന നിർമ്മാണത്തിനായി മാറ്റാർക്കും അനുമതി ലഭിക്കാൻ സാധ്യതയില്ലാത്തതിനാലാണ് സഭ നേരിട്ട് വീടുകൾ നിർമ്മിക്കുന്നത്.

മേപ്പാടിയിൽ 22 വീടുകളും, ചൂരൽമലയിൽ 16 വീടുകളും, കുറിച്ച്യാർമലയിലും ദുരന്തം നാശം വിതച്ച മറ്റിടങ്ങളിലുമായി ശേഷിക്കുന്ന വീടുകളും സഭ നിർമ്മിച്ച് നൽകും. വഴി സൗകര്യം, പൊതുഇടങ്ങൾ തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിയാകും വീടുകളുടെ നിർമ്മാണം. സഭയുടെ ദുരന്ത നിവാരണ സമിതി പ്രശ്നബാധിത മേഖലകൾ സന്ദർശിച്ച് ഭവനരഹിതരുമായി കൂടിക്കാഴ്ച്ച നടത്തി. പ്രദേശവാസികൾ നേരിടുന്ന പ്രതിസന്ധികൾ സമിതി പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ അവതരിപ്പിച്ചു.

വാടക വീടുകളിൽ കഴിയുന്നവർക്ക് എത്രയും വേഗം സ്വന്തം വീടുകളിൽ അന്തിയുറങ്ങാൻ സാഹചര്യമൊരുങ്ങണം. ഒരു വീടിന്റെ നിർമ്മാണമല്ല, ഒരു നാടിന്റെയാകെ പുനർനിർമ്മാണം എന്ന വലിയ ദൗത്യമാണ് സർക്കാരിനും സമൂഹത്തിനും മുന്നിലുള്ളത്. അതുകൊണ്ടുതന്നെ നിർമ്മാണത്തിൽ ആരോപണങ്ങളും, തടസങ്ങളുമുണ്ടാകാതിക്കാൻ ഭരണകർത്താക്കൾ ശ്രദ്ധപുലർത്തണമെന്ന് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഓർമ്മപ്പെടുത്തി.

വന്യമൃഗ ആക്രമണത്തിൽ മനുഷ്യ ജീവൻ പൊലിയുന്നത് തുടർക്കഥ: അഡ്വ. ബിജു ഉമ്മൻ

കോട്ടയം: സംസ്ഥാനത്ത് വന്യമൃഗ ആക്രമണങ്ങൾ നിത്യ സംഭവമായി മാറിയെന്നും അധികാരികൾ നിസംഗത വെടിയണമെന്നും മലങ്കര അസ്സോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ. പെരുവന്താനം പഞ്ചായത്തിലെ ഒരു വാർഡിൽ തന്നെയാണ് ചുരുങ്ങിയ നാളുകൾക്കുള്ളിൽ 2 ജീവനുകൾ കാട്ടാന ആക്രമണത്തിൽ പൊലിഞ്ഞത്. മലയോരമേഖലയിൽ എപ്പോൾ വേണമെങ്കിലും വന്യമൃഗത്തിന്റെ രൂപത്തിൽ മരണമെത്താം എന്നതാണ് സ്ഥിതി. സ്വന്തം വീടിനുള്ളിൽപ്പോലും മലയോരജനത സുരക്ഷിതരല്ല. 2015 മുതൽ സംസ്ഥാനത്ത് വന്യമൃഗ ആക്രമണത്തിൽ ആയിരത്തിലധികം പേർക്കാണ് ജീവൻ നഷ്ടമായത്. മനുഷ്യ ജീവൻ പൊലിയുമ്പോൾ നടത്തുന്ന പ്രസ്താവനകൾക്കപ്പുറം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആത്മാർത്ഥതയും സത്വരവുമായ നടപടികൾ മനുഷ്യപക്ഷത്തുനിന്ന് ഇതുവരെ സ്വീകരിച്ചിട്ടില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. കൊല്ലപ്പെടുന്നവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകി തലയൂരുന്ന സമീപനം അവസാനിപ്പിക്കണമെന്നും അഡ്വ. ബിജു ഉമ്മൻ ആവശ്യപ്പെട്ടു.

അസഹിഷ്ണുത ഭാരതത്തിന്റെ ശോഭകെടുത്തും; കന്യാസ്ത്രീകളുടെ അറസ്റ്റിൽ അപലപിച്ച് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

കോട്ടയം: എല്ലാ വൈവിധ്യങ്ങളെയും ഉൾക്കൊള്ളുന്ന ബഹുസ്വരതയാണ് ഭാരതത്തെ ലോകത്തിന് മുന്നിൽ വേറിട്ട് നിർത്തുന്നത്. ദൗർഭാഗ്യവശാൽ ഛത്തീസ്ഗഡ് സംഭവം ലോകരാജ്യങ്ങൾക്ക് മുന്നിൽ നമ്മുടെ രാജ്യത്തിന്റെ അഭിമാനത്തിന് ക്ഷതമേൽപ്പിച്ചിരിക്കുന്നു. ഛത്തീസ്ഗഡിലെ ദുർഗിൽ പോലീസിന്റെ കൺമുന്നിൽ വെച്ചാണ് മതഭ്രാന്തരുടെ ചോദ്യമുനകളാൽ രണ്ട് കന്യാസ്ത്രീകൾക്ക് മുറിവേറ്റത്. മനുഷ്യക്കടത്ത്, നിർബന്ധിത മതപരിവർത്തനം തുടങ്ങിയ കുറ്റങ്ങൾ ആരോപിച്ച് ഇരുവരെയും കള്ളക്കേസിൽക്കുടുക്കി ജയിലിലടച്ച നടപടിയെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അപലപിച്ചു. മതപരിവർത്തന വിരുദ്ധ നിയമത്തിന്റെ ദുരുപയോഗം രാജ്യവ്യാപകമായി നടക്കുന്നതിന്റെ മറ്റൊരു ഉദാഹരണമാണ് ഛത്തീസ്ഗഡ് സംഭവം. രാജ്യത്ത് മതനിരപേക്ഷത കടുത്ത ഭീഷണി നേരിടുകയാണെന്നും ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ആരംഭിച്ച പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വിലയിരുത്തി.

അശരണരെയും, ആലംബഹീനരെയും കൈപിടിച്ചുയർത്തുക എന്നത് ക്രൈസ്തവധർമ്മമാണ്. ആദിവാസി-ദളിത് സമൂഹങ്ങൾക്കിടയിൽ സമാനതകളില്ലാത്ത മിഷൻ പ്രവർത്തനമാണ് സഭകൾ നടത്തുന്നത്. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം തുടങ്ങി നിരവധി മേഖലകളിൽ ക്രൈസ്തവ സമൂഹം ശ്രദ്ധേയമായ ദൗത്യം നിർവഹിക്കുന്നു. ഇതിനെയെല്ലാം വിദ്വേഷ മനോഭാവത്തോടെ കാണുന്നവർ ഈ രാജ്യത്തിന്റെ പുരോഗതിക്ക് തുരങ്കം വെക്കുകയാണ്. ഇത്തരം തീവ്ര മതവാദികൾക്കെതിരെ നടപടിയെടുക്കാൻ ഭരണകർത്താക്കൾ തയാറാകണം. ഭാരതത്തിന്റെ ഭരണഘടന ഉറപ്പുനൽകുന്ന മൗലികമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടണം. രാജ്യത്തിന്റെ വിവിധയിടങ്ങിൽ തുടർച്ചയായി ഉണ്ടാകുന്ന ക്രൈസ്തവ പീഡനങ്ങളിൽ ആശങ്ക രേഖപ്പെടുത്തിയ പ. സുന്നഹദോസ് ഛത്തീസ്ഗഡിൽ അറസ്റ്റ് ചെയ്യപ്പെട്ട കന്യാസ്ത്രീകൾക്ക് നീതി ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ടു.

നവതി ആഘോഷിക്കുന്ന കുറിയാക്കോസ് മാർ ക്ലിമിസിന്റെ ജന്മദിനാഘോഷം ബേസിൽ അരമനയിൽ വച്ച് നടന്ന ചടങ്ങിൽ വച്ച് നടന്നു. ഭദ്രാസനത്തിനുവേണ്ടി ഡോ: ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായും ഭദ്രാസന സെക്രട്ടറി ജോൺസൺ കല്ലിട്ടതിൽ കോർഎപ്പിസ്കോപ്പായും ചേർന്ന് ഉപഹാരം നൽകി. മുൻ വൈദിക ട്രസ്റ്റി ഫാ: ഡോ. എം. ഒ. ജോൺ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, കാതോലിക്കേറ്റ് കോളജ് പ്രിൻസിപ്പാൽ ഡോ. സിന്ധു ജോൺസ്, ഭദ്രാസനത്തിലെ വൈദികർ, ആത്മീയ സംഘടന ഭാരവാഹികൾ എന്നിവർ ഉപഹാരങ്ങൾ നൽകുകയും ജന്മദിനാശംസകൾ നേരുകയും ചെയ്തു.

"നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവൻ ഒരിക്കലും അസത്യവാനോ ദുർമ്മാർഗ്ഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിത്തീരുന്നതല്ല."

-പ. പരുമല തിരുമേനി

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

ആബേലിലെ ജ്ഞാനിയായ സ്ത്രീ

സിസ്റ്റർ മേരി OSM
(ബേത്ലഹേം ദയറ കിഴക്കമ്പലം)

ബൈബിളിൽ, ശക്തി, വിശ്വാസം, ജ്ഞാനം എന്നിവ പ്രകടിപ്പിച്ച സ്ത്രീകളെക്കുറിച്ചുള്ള നിരവധി ശക്തമായ പരാമർശങ്ങൾ നമുക്ക് കാണാം. അത്തരത്തിൽ ആബേൽ നഗരത്തിലെ ഒരു ജ്ഞാനിയായ സ്ത്രീയേക്കുറിച്ച് 2 ശമുവേൽ 20-ൽ കാണാം. അവൾ തന്റെ നഗരത്തെ നാശത്തിൽ നിന്ന് രക്ഷിച്ചു. അവളുടെ പേര് പരാമർശിച്ചിട്ടില്ലെങ്കിലും, അവളുടെ പ്രവൃത്തികൾ അവളേക്കുറിച്ച് ഉച്ചത്തിൽ സംസാരിക്കുന്നു. അവൾ സംസാരത്തിൽ ജ്ഞാനം പ്രകടിപ്പിച്ചു, അപകടത്തിൽ ധൈര്യം കാണിച്ചു, സമാധാനനിർമ്മിതാവും, നേതൃത്വത്തിന്റെയും സ്വാധീനത്തിന്റെയും വിളനിലവുമായിരുന്നു.

1. സംസാരത്തിലെ ജ്ഞാനം

“അപ്പോൾ നഗരത്തിൽ നിന്ന് ഒരു ജ്ഞാനിയായ സ്ത്രീ വിളിച്ചു പറഞ്ഞു, ‘കേൾപ്പിൻ! കേൾപ്പിൻ! ഞാൻ യോവാബിനോട് സംസാരിക്കേണ്ടതിന് ഇവിടെ അടുത്ത് വരുവാൻ അവനോട് പറവിൻ’ (2 ശമുവേൽ 20:16).

ആബേലിലെ സ്ത്രീയുടെ ഏറ്റവും വലിയ ഗുണങ്ങളിലൊന്ന് അവളുടെ സംസാരത്തിലെ ജ്ഞാനമായിരുന്നു. അവൾ ശ്രദ്ധാപൂർവ്വം, ബഹുമാനത്തോടെ, ലക്ഷ്യബോധത്തോടെ സംസാരിച്ചു. ശേബ എന്ന ഒരു മത്സരക്കാരൻ അവിടെ ഒളിച്ചിരിക്കുന്നതിനാൽ ദാവീദ് രാജാവിന്റെ സൈന്യാധിപനായ യോവാബ് നഗരം നശിപ്പിക്കാൻ വന്നപ്പോൾ, ആ സ്ത്രീ പരിഭ്രാന്തരായില്ല. പകരം, അവൾ ശാന്തമായി യോവാബിനോട് സംസാരിക്കാൻ താല്പര്യപ്പെട്ടു.

ആബേൽ നഗരത്തിന്റെ നല്ല പേര് യോവാബിനെ ഓർമ്മിപ്പിച്ചുകൊണ്ടാണ് അവൾ ആരംഭിച്ചത്. നഗരത്തിലെ ജനങ്ങൾ അവരുടെ ജ്ഞാനപൂർവകമായ ഉപദേശത്തിനും സമാധാനപരമായ വഴികൾക്കും പേരുകേട്ടവരാണെന്ന് അവൾ പറഞ്ഞു. നഗരം നശിപ്പിക്കേണ്ട ആവശ്യമില്ലെന്ന് യോവാബിനെ മനസ്സിലാക്കാൻ അവൾ സൗമ്യവും ചിന്താപരവുമായ വാക്കുകൾ ഉപയോഗിച്ചു. അവളുടെ സംസാരം ജ്ഞാനം മാത്രമല്ല, തന്ത്രപരവുമായിരുന്നു. നല്ല വാക്കുകൾക്ക് കോപം ശമിപ്പിക്കാനും സമാധാനത്തിലേക്കുള്ള വഴി തുറക്കാനും കഴിയുമെന്ന് അവൾക്കറിയാമായിരുന്നു. ഇത് നമ്മെ “മൃദുവായ ഉത്തരം ക്രോധത്തെ ശമിപ്പിക്കുന്നു; കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു” (സദൃശവാക്യങ്ങൾ 15:1) എന്ന വാക്യത്തെ ഓർമ്മിപ്പിക്കുന്നു,

അവളുടെ സംസാരം ദയയും ജ്ഞാനവുമുള്ള ആശയവിനിമയത്തിന്റെ ശക്തി നമ്മെ പഠിപ്പിക്കുന്നു. അവൾ നിലവിളിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്തില്ല. അവൾ ശ്രദ്ധയോടെ വാക്കുകൾ തിരഞ്ഞെടുത്തു, അതുകൊണ്ടാണ് യോവാബ് ശ്രദ്ധിച്ചത്. ഈ സ്ത്രീയെപ്പോലെ ശാന്തത, സത്യം, കൃപ എന്നിവയോടെ വാക്കുകൾ ഉപയോഗിച്ചിരുന്നെങ്കിൽ ഇന്നത്തെ പല സംഘർഷങ്ങളും ഒഴിവാക്കാമായിരുന്നു. ജ്ഞാനിയായ സ്ത്രീയുടെ സംസാരം യുദ്ധംമാറ്റി, സമാധാനം കൊണ്ടുവന്നു. വാക്കുകൾക്ക് ശക്തിയുണ്ടെന്നും, ജ്ഞാനത്തോടെ സംസാരിക്കുമ്പോൾ, അപകടകരമായ സാഹചര്യങ്ങളെപ്പോലും നമുക്ക് മാറ്റാൻ കഴിയുമെന്നും അവൾ നമ്മെ പഠിപ്പിക്കുന്നു.

2. അപകടത്തെ സധൈര്യം നേരിടുന്നു

“ഞാൻ ഇസ്രായേലിൽ സമാധാനവും വിശ്വസ്തതയും ഉള്ളവളിൽ ഒരുത്തിയാകുന്നു. നീ ഇസ്രായേലിൽ ഒരു പട്ടണത്തേയും ഒരു മാതാവിനേയും നശിപ്പിപ്പാൻ നോക്കുന്നു. നീ യഹോവയുടെ അവകാശം മുടിച്ചുകളയുന്നത് എന്ത് എന്നു പറഞ്ഞു?” (2 ശമുവേൽ 20:19). യോവാബിനെപ്പോലുള്ള ഒരു സൈനിക മേധാവിയോട് സംസാരിക്കാൻ വലിയ ധൈര്യം ആവശ്യമായിരുന്നു. യോവാബ് ഒരു ഉഗ്രനായ യോദ്ധാവായിരുന്നു, അവന്റെ സൈന്യം നഗരം വളഞ്ഞിരുന്നു. മിക്ക ആളുകളും അവനെ സമീപിക്കാൻ ഭയപ്പെടുമായിരുന്നു. എന്നാൽ ഈ സ്ത്രീ തന്നെക്കുറിച്ചല്ല, മറിച്ച് തന്റെ നഗരത്തെക്കുറിച്ചാണ് ചിന്തിച്ചുകൊണ്ട് മുന്നോട്ട് വന്നു. ശക്തനായ ഒരു സൈനിക നേതാവിനെ വെല്ലുവിളിച്ചുകൊണ്ട് അവൾ തന്റെ ജീവൻ പണയപ്പെടുത്തി. ആപത്തിന്റെ നടുവിൽ ആ സ്ത്രീ വലിയ ധൈര്യം കാണിച്ചു. യോവാബ് ഇതിനകം നഗരം വളഞ്ഞിരുന്നു, അവന്റെ സൈനികർ മതിലുകൾ തകർക്കാൻ തയ്യാറായിരുന്നു. ഉള്ളിലുള്ള ആളുകൾ ഭയപ്പെട്ടു. പക്ഷേ ആ സ്ത്രീ നിശബ്ദത പാലിക്കുകയോ ഒളിക്കുകയോ ചെയ്തില്ല. അവൾ ധൈര്യത്തോടെ പുറത്തിറങ്ങി ശക്തനായ സൈനിക മേധാവിയോട് സംസാരിക്കാനുള്ള സാധ്യത ഏറ്റെടുത്തു. അതൊരു അപകടകരമായ നിമിഷമായിരുന്നു. യോവാബ് കോപിച്ചിരുന്നെങ്കിൽ അല്ലെങ്കിൽ കേൾക്കാൻ തയ്യാറായിരുന്നില്ലെങ്കിൽ, അയാൾക്ക് അവളെ കൊല്ലാനോ ദയയില്ലാതെ നഗരം ആക്രമിക്കാനോ കഴിയുമായിരുന്നു. പക്ഷേ ഭയം തന്നെ തടയാൻ ആ സ്ത്രീ അനുവദിച്ചില്ല. ധൈര്യത്തോടെ പ്രവർത്തിക്കാനും ശരിയായതിന് വേണ്ടി നിലകൊള്ളാനും അവൾ തീരുമാനിച്ചു.

ദൈവം തനിക്ക് ജ്ഞാനവും ശക്തിയും നൽകുമെന്ന് അവൾ വിശ്വസിച്ചു. അവളുടെ ധൈര്യം യോശുവ 1:9 ന്റെ ഓർമ്മപ്പെടുത്തലാണ് “ശക്തനും ധീരനുമായിരിക്കുക. ഭയപ്പെടേണ്ട; നിരാശപ്പെടരുത്, കാരണം നീ പോകുന്നിടത്തെല്ലാം നിന്റെ ദൈവമായ കർത്താവ് നിന്നോടുകൂടെ ഉണ്ടായിരിക്കും.”

ഈ സ്ത്രീയെപ്പോലെ, കഷ്ടകാലങ്ങളിൽ ധൈര്യമായിരിക്കാൻ നാമും വിളിക്കപ്പെട്ടിരിക്കുന്നു. ധൈര്യം എന്നത് ഭയത്തിന്റെ അഭാവമല്ല, മറിച്ച് ഭയപ്പെടുമ്പോൾ പോലും സമചിത്തതയോടെ ശരിയായതിന് വേണ്ടി പ്രവർത്തിക്കാനുള്ള തീരുമാനമാണ്. ആപത്ത് വരുമ്പോൾ, പ്രത്യേകിച്ച് മറ്റുള്ളവരെ സംരക്ഷിക്കാൻ നമുക്ക് അവസരം ലഭിക്കുമ്പോൾ, നമ്മൾ ധൈര്യമായിരിക്കണമെന്ന് ആബേലിലെ സ്ത്രീ നമ്മെ പഠിപ്പിക്കുന്നു. അവളുടെ ധൈര്യം നഗരത്തേയും അതിലെ മുഴുവൻ ജീവനേയും രക്ഷിച്ചു.

3. ഒരു യഥാർത്ഥ സമാധാന നിർമ്മാതാവ്

“മുടിച്ചു കളകയോ നശിപ്പിക്കുകയോ ചെയ്വാൻ എനിക്കൊരിക്കലും സംഗതിയാകരുതേ. കാര്യം അങ്ങനെയല്ല. ബിക്രിയുടെ മകനായ ശേബ എന്നൊരു എഫ്രയീം മലനാട്ടുകാരൻ ദാവീദ് രാജാവിനോട് മത്സരിച്ചിരിക്കുന്നു. അവനെ ഏല്പിച്ചു തന്നാൽ മാത്രം മതി. ഞാൻ പട്ടണത്തെ വിട്ടു പോകും എന്നു പറഞ്ഞു” (2 ശമുവേൽ 20:2021).

ആബേലിലെ സ്ത്രീ ഒരു സമാധാന നിർമ്മാതാവായി പ്രവർത്തിച്ചു. യോവാബിന്റെ യഥാർത്ഥ ലക്ഷ്യം മുഴുവൻ നഗരത്തെയും നശിപ്പിക്കുകയല്ല, മറിച്ച് ശേബയെ പിടികൂടുക എന്നതാണെന്ന് അവൾ മനസ്സിലാക്കിയപ്പോൾ, അവൾ ഒരു പരിഹാരം കണ്ടെത്തി. “അവന്റെ തല മതിലിന്റെ മുകളിൽ നിന്ന് നിന്റെ

അടുക്കൽ ഇട്ടുതരും'' എന്ന് അവൾ പറഞ്ഞു. ഇത് ഞെട്ടിക്കുന്നതായി തോന്നാം, പക്ഷേ അവളുടെ ലക്ഷ്യം വ്യക്തമായിരുന്നു: രക്തച്ചൊരിച്ചിൽ നിർത്തി നിരപരാധികളുടെ ജീവൻ രക്ഷിക്കുക. നഗരത്തിലെ മറ്റുള്ളവർക്ക് സമാധാനത്തോടെ ജീവിക്കാൻ കഴിയുന്ന തരത്തിൽ മത്സരിയായ ശേബയെ നീക്കം ചെയ്യാൻ അവൾ സഹായിച്ചു.

അവളുടെ പ്രവൃത്തികൾ കാരണം, ആബേൽ നഗരം രക്ഷിക്കപ്പെട്ടു. യുദ്ധമോ രക്തച്ചൊരിച്ചിലോ നാശമോ ഉണ്ടായില്ല. അവളുടെ സമാധാനപരമായ സമീപനം അവളെ ഒരു യഥാർത്ഥ നായികയാക്കി. യേശു പറഞ്ഞു, 'സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ പുത്രന്മാരെന്ന് അറിയപ്പെടും' (മത്തായി 5:9). ആബേലിലെ സ്ത്രീ ഈ അനുഗ്രഹത്തിന്റെ ഉത്തമ ഉദാഹരണമാണ്. ഒരു സമാധാന നിർമ്മാതാവാകുക എന്നത് എല്ലായ്പ്പോഴും എളുപ്പമല്ല. അതിന് ജ്ഞാനം, വിനയം, ധൈര്യം എന്നിവ ആവശ്യമാണ്. ഈ സ്ത്രീ ശ്രദ്ധ തേടിയില്ല, മറിച്ച് ബുദ്ധിമുട്ടുള്ളതും പിരിമുറുക്കമുള്ളതുമായ ഒരു നിമിഷത്തിൽ പോലും സമാധാനം കൊണ്ടുവരാൻ ക്രിയാത്മകമായി പ്രവർത്തിക്കുന്നു. സമാധാനപാലകർ ശക്തരാണെന്നും സമാധാനം എല്ലായ്പ്പോഴും പ്രവർത്തിക്കേണ്ടതാണെന്നും അവളുടെ ഇടപെടലുകൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

4. പ്രതിസന്ധി ഘട്ടത്തിലെ നേതൃത്വം

ആബേലിലെ സ്ത്രീയുടെ മറ്റൊരു ശക്തമായ ഗുണം അവരുടെ നേതൃത്വമായിരുന്നു. അവർക്ക് ഔദ്യോഗിക പദവി ഇല്ലായിരുന്നെങ്കിലും, അവരുടെ ജ്ഞാനവും പ്രവൃത്തികളും അവർ ഒരു യഥാർത്ഥ നേതാവാണെന്ന് തെളിയിച്ചു. പ്രതിസന്ധി ഘട്ടങ്ങളിൽ, യഥാർത്ഥ നേതാക്കൾ ഉയർന്നുവരുന്നു – ശാന്തമായ ശക്തിയോടെ അവർ ഉയർന്നുവന്നു.

തന്റെ നഗരത്തിന് വരുന്ന അപകടം അവൾ കണ്ടു. മറ്റുള്ളവർ പ്രവർത്തിക്കുന്നതുവരെ അവൾ കാത്തിരുന്നില്ല. യോവാബുമായി സംസാരിക്കാൻ അവൾ മുൻകൈയെടുത്തു. "സ്ത്രീ ചെന്ന് തന്റെ ജ്ഞാനത്താൽ സകല ജനത്തേയും സമ്മതിപ്പിച്ചു. അവർ ബിക്രിയുടെ മകനായ ശേബയുടെ തലവെട്ടി യോവാസിന്റെ അടുക്കൽ ഇട്ടുകൊടുത്തു. അപ്പോൾ അവൻ കാഹളം ഊതി. എല്ലാവരും പട്ടണം വിട്ടു വീടുകളിലേക്ക് പോയി. യോവാബ് യരുശലേമിൽ രാജാവിന്റെ അടുക്കൽ മടങ്ങിപ്പോയി" (2 ശമുവേൽ 20:22). യോവാബിനോട് സംസാരിച്ച ശേഷം, ആ സ്ത്രീ അവിടെ നിന്നില്ല. പ്രശ്നം പരിഹരിക്കുന്നതിൽ അവൾ തന്റെ ജനത്തെ നയിച്ചു. അവൾ അവർക്ക് ജ്ഞാനപൂർവമായ ഉപദേശം നൽകി, അവർ അവളെ ശ്രദ്ധിച്ചു. അത് അവളുടെ നഗരത്തിലെ ജനങ്ങൾക്കിടയിൽ അവൾക്ക് ബഹുമാനവും വിശ്വാസവും ഉണ്ടായിരുന്നുവെന്ന് കാണിക്കുന്നു. മറ്റാരെങ്കിലും പ്രവർത്തിക്കുന്നതുവരെ അവൾ കാത്തിരുന്നില്ല. അവൾ ഉത്തരവാദിത്തം ഏറ്റെടുക്കുകയും മറ്റുള്ളവരെ ശരിയായത് ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്തു. ഒരു നഗരത്തെ മുഴുവൻ നാശത്തിൽ നിന്ന് രക്ഷിക്കാൻ അവളുടെ നേതൃത്വം സഹായിച്ചു.

അവളുടെ നേതൃത്വം സദൃശവാക്യങ്ങൾ 31:26 നമ്മെ ഓർമ്മിപ്പിക്കുന്നു, "അവൾ ജ്ഞാനത്തോടെ വായ് തുറക്കുന്നു, ദയയുള്ള ഉപദേശം അവളുടെ നാവിന്മേലുണ്ട്."

നല്ല നേതാക്കൾ മറ്റുള്ളവരെ ജ്ഞാനം, ശാന്തത, വിശ്വാസം എന്നിവയാൽ നയിക്കുന്നു. ജ്ഞാനിയായ സ്ത്രീ തന്റെ ജനത്തെ ഭയത്തോടെയല്ല, മറിച്ച് ചിന്താപൂർവ്വമായ നിർദ്ദേശത്തോടെയാണ് നയിച്ചത്. നേതൃത്വം എന്നത് ശക്തിയെക്കുറിച്ചല്ല, മറിച്ച് മറ്റുള്ളവരെ സഹായിക്കാനും സംരക്ഷിക്കാനും സ്വാധീനം ഉപയോഗിക്കുന്നതിനെ ക്കുറിച്ചാണെന്ന് അവൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

നേതൃത്വം ഒരു സ്ഥാനം വഹിക്കുന്നതു മാത്രമല്ല, അത് ജ്ഞാനപൂർവമായ തിരഞ്ഞെടുപ്പുകൾ നടത്തുന്നതും പ്രധാനപ്പെട്ട ഉത്തരവാദിത്തം ഏറ്റെടുക്കുന്നതുമാണ്. മറ്റുള്ളവരെ നയിക്കുകയും, തന്റെ നഗരത്തെ സംരക്ഷിക്കുകയും, മരണത്തിന് പകരം ജീവൻ നൽകുന്ന കഠിനമായ തീരുമാനം എടുക്കുകയും ചെയ്തതിനാൽ ആബേൽ സ്ത്രീ ഒരു നേതാവായിരുന്നു. അവരുടെ നേതൃത്വം നിശബ്ദമായിരുന്നു, പക്ഷേ ശക്തവും തന്റെ സമൂഹത്തിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തുന്നതുമായിരുന്നു.

5. ജ്ഞാനം നൽകിയ സ്വാധീനം

"പിന്നെ യോവാബ് യെരൂശലേമിൽ രാജാവിന്റെ അടുക്കൽ മടങ്ങിപ്പോയി"(2 ശമുവേൽ 20:22).

ഈ ഒരു സ്ത്രീയുടെ പ്രവൃത്തികൾ കാരണം, ഒരു നഗരം മുഴുവൻ രക്ഷിക്കപ്പെട്ടു, ഒന്നും നശിപ്പിക്കാതെ യോവാബ്, ദാവീദ് രാജാവിന്റെ അടുക്കലേക്ക് മടങ്ങി. അത് ദൈവിക സ്വാധീനത്തിന്റെ ശക്തമായ ഒരു ഉദാഹരണമാണ്.

അവൾ ഒരു രാജ്ഞിയോ പ്രവാചകിയോ സൈനിക നേതാവോ ആയിരുന്നില്ല. പക്ഷേ അവൾ ജ്ഞാനവും സൽസ്വഭാവവുമുള്ള ഒരു സ്ത്രീയായിരുന്നു, അവളുടെ പ്രവൃത്തികൾ വലിയ മാറ്റമുണ്ടാക്കി. ഒരു സ്വാധീനം ചെലുത്താൻ നമുക്ക് ഒരു വലിയ പദവിയോ സ്ഥാനമോ ആവശ്യമാണെന്ന് ചിലപ്പോൾ നമ്മൾ കരുതുന്നു, എന്നാൽ ഇവളുടെ ജീവിതം കാണിക്കുന്നത് ഒരു ജ്ഞാനിയും വിശ്വസ്തനയുമായ വ്യക്തിക്ക് മറ്റുള്ളവരെ സ്വാധീനിക്കാനും ചരിത്രം മാറ്റാനും കഴിയുമെന്നാണ്. അവളുടെ സ്വാധീനം സദൃശവാക്യങ്ങൾ 14:1 എന്താണ് പഠിപ്പിക്കുന്നത് എന്ന് നമുക്ക് കാണിച്ചുതരുന്നു, "സ്ത്രീകളിൽ ജ്ഞാനമുള്ളവൾ തന്റെ വീടു പണിയുന്നു, ഭോഷത്വമുള്ളവളോ അത് സ്വന്തകൈകളാൽ പൊളിച്ചു കളയുന്നു." ജ്ഞാനമുള്ള വാക്കുകളിലൂടെയും ധീരമായ പ്രവൃത്തികളിലൂടെയും അവൾ തന്റെ നഗരം "പണിതു".

യഥാർത്ഥ സ്വാധീനം അധികാരത്തിൽ നിന്നോ സ്ഥാനത്തിൽ നിന്നോ അല്ല, മറിച്ച് മറ്റുള്ളവരെ ശരിയായതിലേക്ക് നയിക്കാനുള്ള കഴിവിൽ നിന്നാണ്. ആബേലിലെ സ്ത്രീ തന്റെ സ്വാധീനം നന്മയ്ക്കായി ഉപയോഗിച്ചു. സ്വയം ഉയർത്താൻ വേണ്ടിയല്ല, മറിച്ച് ജീവൻ രക്ഷിക്കാൻ അവൾ അത് ഉപയോഗിച്ചു. ശരിയായതിന് വേണ്ടി നിലകൊള്ളുമ്പോൾ ഒരു വ്യക്തിക്ക് വലിയ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് അവളുടെ ജീവിതം നമ്മെ കാണിക്കുന്നു.

ശക്തയും ജ്ഞാനിയും ധീരയും ആയിരിക്കുക എന്നതിന്റെ തിളക്കമാർന്ന ഉദാഹരണമാണ് ആബേലിലെ ജ്ഞാനിയായ സ്ത്രീ. അവൾ വ്യാപകമായി അറിയപ്പെടുന്നില്ലെങ്കിലും, അവളുടെ ജീവിതത്തിന് ആഴത്തിലുള്ള അർത്ഥമുണ്ട്. അവൾ ശാന്തമായും യുക്തിസഹമായും സംസാരിച്ചു. തന്റെ ജനങ്ങളെ സംരക്ഷിക്കാൻ അവൾ ശക്തമായ ഒരു സൈന്യത്തെ നേരിട്ടു. അക്രമാസക്തമായ സാഹചര്യത്തിൽ അവൾ സമാധാനപരമായ പരിഹാരം കണ്ടെത്തി. അവൾ ജ്ഞാനപൂർവകമായ ഉപദേശം നൽകി മറ്റുള്ളവരെ നയിച്ചു. അവളുടെ പ്രവൃത്തികൾ ഒരു നഗരത്തെ രക്ഷിച്ചു, ദൈവത്തെ ബഹുമാനിച്ചു. യഥാർത്ഥ ജ്ഞാനം ശരിയായ കാര്യങ്ങൾ അറിയുക മാത്രമല്ല, ധൈര്യത്തോടും സ്നേഹത്തോടും കൂടി ശരിയായ കാര്യങ്ങൾ ചെയ്യുകയാണെന്ന് അവരുടെ ജീവിതം നമ്മെ കാണിക്കുന്നു. ജ്ഞാനമുള്ള വാക്കുകൾക്ക് ഒരു സാഹചര്യത്തെ മാറ്റാൻ കഴിയും. ഏറ്റവും ഇരുണ്ട കാലത്തും ധൈര്യം പ്രകാശിക്കും. സമാധാനം അക്രമത്തേക്കാൾ നല്ലതാണ്. നേതൃത്വം പദവികളിൽ നിന്നല്ല, പ്രവൃത്തിയിൽ നിന്നാണ് ഉണ്ടാകുന്നത്.

നമ്മുടെ സ്വന്തം ജീവിതത്തിൽ ജ്ഞാനിയും ധൈര്യവും സമാധാനപൂർണ്ണനുമാകാൻ ശ്രമിക്കാം. "യഹോവാഭക്തി ജ്ഞാനത്തിന്റെ ആരംഭവും പരിശുദ്ധനെക്കുറിച്ചുള്ള പരിജ്ഞാനം വിവേകവും ആകുന്നു" (സദൃശവാക്യങ്ങൾ 9:10). ഇന്നത്തെ ലോകത്ത്, ആബേലിലെ സ്ത്രീയെപ്പോലുള്ള ആളുകളെ നമുക്ക് ഇപ്പോഴും ആവശ്യമാണ്. ജ്ഞാനത്തോടെ സംസാരിക്കുന്ന, ധൈര്യത്തോടെ നിലകൊള്ളുന്ന, സമാധാനം തേടുന്ന, കൃപയോടെ നയിക്കുന്ന, മറ്റുള്ളവരെ ശരിയായതിലേക്ക് സ്വാധീനിക്കുന്ന ആളുകൾ. നമുക്ക് അവരിൽ നിന്ന് പഠിക്കാം, നമ്മുടെ ജീവിതത്തിലും ഇപ്രകാരമുള്ള നല്ല മാതൃക പിന്തുടരാം.

❑

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നു എംഎ ഹിസ്റ്ററിയിൽ ജിൻസു എം മാത്യൂ ഏഴാം റാങ്ക് കരസ്ഥമാക്കി. ചെങ്ങന്നൂർ കല്ലുങ്കൽ വെസ്റ്റ് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം

പെന്തിക്കോസ്തിക്കുശേഷം എട്ടാം ഞായർ

(വി. മർക്കോസ് 4:1-21)

ഫാ. മോൻസി ഫിലിപ്പ്

സ്വർഗ്ഗാരാജ്യത്തിന്റെ സുവിശേഷം ക്രിസ്തു ലോകത്തിനു നൽകിയത് ഉപമകളിലൂടെയാണ്. മനുഷ്യബുദ്ധിക്ക് ഗ്രഹിക്കുവാൻ പാകമായ വിധത്തിൽ. പരിമിതമായ മനുഷ്യബുദ്ധികൊണ്ട് അപരിമിതമായ ദൈവീക രഹസ്യങ്ങളെ മനസ്സിലാക്കുക അസാധ്യമാണ്. മനസ്സിലാക്കി കൊടുക്കാൻ ക്രിസ്തു ഉപമ മാർഗ്ഗമായി സ്വീകരിച്ചു. കർത്താവ് ഉപമകൾ എന്തിന് ഉപയോഗിച്ചു?

1. ജനങ്ങളെ താൻ പറയുന്ന ദൈവസന്ദേശങ്ങൾ കേൾക്കാൻ താല്പര്യമുള്ളവനാക്കാൻ

2. യഹൂദ ഗുരുക്കന്മാർ ഉപോഗിച്ചിരുന്നതും ജനങ്ങൾക്ക് പരിചിതവുമായ ഒന്നായിരുന്നു ഉപമകൾ ആയതിനാൽ

3. ഉപമകളിലൂടെ കർത്താവ് പഠിപ്പിച്ചത് ഭാഗികമായ ആശയങ്ങളെ വളരെ വ്യക്തമായി ഉറപ്പിച്ചു പറയുന്നതിനായി

4. ഉപമകൾ ഉപയോഗിക്കുന്നതിന്റെ ഗുണം അത് ഒരു മനുഷ്യനെ അവനു വേണ്ടി ചിന്തിക്കുന്നതിന് പ്രേരിപ്പിക്കും.

അപ്രകാരം ക്രിസ്തു സ്വർഗ്ഗീയവും ആത്മീകവുമായ സത്യങ്ങളെ വെളിപ്പെടുത്തുന്ന ഒരു ഉപയാണ് ഇന്നത്തെ വേദഭാഗം. (വി. മർക്കോസ് 4:1-20). വിതക്കാരന്റെ ഉപമയാണ് പ്രധാന പ്രിതിപാദ്യം. യേശുതമ്പുരാൻ കടൽക്കരെ വച്ച് ഉപദേശിക്കുവാൻ തുടങ്ങി. വലിയ പുരുഷാരം അവന്റെ അടുക്കൽ വന്നു. യേശുതമ്പുരാൻ പടകിൽ ഇരുന്നു ഉപമകളാൽ ഉപദേശിച്ചു തുടങ്ങി. വിതക്കുന്നവന്റെ ഉപമ അവരോട് ഉപദേശിച്ചു. പിന്നീട് യേശു തനിച്ചിരിക്കുമ്പോൾ പന്തിരുവർ ഉപമകളെക്കുറിച്ച് ചോദിച്ചു. യേശുതമ്പുരാൻ

"ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്കു സകലവും ഉപമകളാൽ ലഭിക്കുന്നു."

ഇത് പറഞ്ഞിട്ട് വിതക്കാരന്റെ ഉപമയുടെ സാരാംശം പടിപ്പിക്കുന്നു. വിക്ക് വചനം എന്ന നിലയിലും അത് സ്വീകരിക്കുന്ന വിധവും താരതമ്യം ചെയ്യുന്നു. വിതക്കപ്പെട്ടതിൽ ഒരുകൂട്ടം മാത്രം ഫലം പുറപ്പെടുവിച്ചു. അതും നല്ല നിലത്തു വീണത്. ബാക്കി മൂന്ന് ഇടങ്ങളിൽ വീണത് നിഷ്ഫലമായി.

"വിതച്ച വിത്ത് എല്ലാം നല്ലത്
സ്വീകരിച്ചത് ഏത് ഭാവമായ്
വഴി, പാറ, മുള്ളെങ്കിൽ നിഷ്ഫലം
നല്ലഭാവമെങ്കിൽ ഫലവും നല്ലത്."

വേദഭാഗം ചിന്തകൾ

വിത്ത്: ദൈവവചനം

വി. മർക്കോസ് 4:1-9

യേശുതമ്പുരാൻ പുരുഷാരത്തോടായ് വിതക്കാരന്റെ ഉപമ ഉപദേശിച്ചു. വിതക്കാരൻ വിതച്ചത് ചിലത് വഴിയരികിൽ വീണു, പറവകൾ വന്ന് തിന്നു. മറ്റു ചിലത് പാറസ്ഥലത്ത് വീണു. മണ്ണില്ലാത്തതിനാൽ ഉണങ്ങിപ്പോയി. ചിലത് മുള്ളിനിടയിൽ വീണു, മുള്ളുവളർന്നു അതിനെ ഞെരുക്കി. മറ്റു ചിലത് നല്ല നിലത്തു വീണു. അത് മുളച്ചു ഫലം നൽകി. ഉപദേശം എല്ലാം കഴിഞ്ഞ് ക്രിസ്തു തനിച്ചിരിക്കുമ്പോൾ ശിഷ്യന്മാർ അതിന്റെ വ്യാഖ്യാനം ആരാഞ്ഞു. ക്രിസ്തു പറഞ്ഞു.

"വിതയ്ക്കുമ്പോൾ വചനം വിതയ്ക്കുന്നു" വി.മർക്കോസ് 4:14.

വിത്ത് ദൈവത്തിന്റെ വചനം അത് സ്വീകരിക്കുന്നത് എങ്ങനെ എന്നുള്ളത് മനുഷ്യന്റെ മനോഭാവവുമാണ്. "ദൈവ വചനം" എന്ന വിത്തിൽ മനുഷ്യന്റെ ജീവന് ആവശ്യമായത് എല്ലാം ഉണ്ട്. അതിനുള്ളിൽ ആത്മീയതയുടെ മുഴുവൻ ശക്തിയും ഉണ്ട്. ദൈവത്തിന്റെ വചനം അതുപോലെ കേൾക്കുന്നവനിൽ ആത്മീയ മാർഗ്ഗം ഉണ്ടാകുന്നു. മനുഷ്യൻ സാമൂഹിക ജീവി എന്ന സത്യത്തിൽ നിലനിന്നുകൊണ്ട് ഭാവത്തിൽ മാറിനിന്ന് വിധേയമായി പുതിയ ആത്മീയ ഭാവത്തിൽ എത്തുന്നു.

"വചനം ചെറുതായി തോന്നാമെങ്കിലും അതിന്റെ ഫലങ്ങൾ വലുതാണ്."

1. ജീവനും ചൈതന്യവും ഉള്ളത്.
2. ഇരുവായ്ത്തലയുള്ള വാൾ
3. ഏതു വാളിനേക്കാളും മൂർച്ചയുള്ളത്
4. പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർപെടുത്തും വരെ തുളച്ചുചെല്ലുന്നത്
5. ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നത്.

(എബ്രായർ 4:12)

ദൈവത്തിന്റെ വചനം ശക്തിയുള്ളതാണ്. അതിനെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യണം. അല്ലെങ്കിൽ അത് ദഹിപ്പിക്കുന്ന അഗ്നിയാകും.

"പ്രശ്നം വിത്തിലല്ല; പ്രശ്നം അതു വീഴുന്ന നിലത്തിലാണ്." നിലം നമ്മുടെ ഹൃദയഭാവമാണ്. കേട്ടു എന്നതിലല്ല എങ്ങനെ സ്വീകരിച്ചു എന്നതാണ് പ്രധാനം.

"നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു." സങ്കീ. 119:105

ദൈവവചനം എന്ന വിത്തും - മനുഷ്യന്റെ മനോഭാവവും.

(1) വഴിയരികിൽ വീണ വചനം - ഹൃദയത്തിൽ ക്ഷണിക്കാത്ത മനുഷ്യൻ. വി. മർക്കോസ് 4:15

വഴിയരികിൽ വീണ വചനം അഥവാ വിത്ത്. വചനം കേൾക്കും എന്നാൽ അർത്ഥം പിടികിട്ടാതെ കളയും. ഹൃദയത്തിന് സ്വീകാര്യമനോഭാവമില്ല. സാത്താൻ ഉടൻതന്നെ കേട്ടത് കവരും എന്ന അർത്ഥം.

"The seed is the word; the way side is the forgotful soul." St. Augustine.

"വഴിയരികിൽ വീണുപോകുന്ന വിത്ത്"

വിതസ്ഥലത്തുകൂടി കടന്നുപോകുന്ന വഴികളാണെന്ന് നാം ധരിക്കും. ഇവ എല്ലാ നിലങ്ങളിലും ബാധകമല്ല. ഇസ്രായേലിലെ വയലുകൾ ചെറിയ പണികൾപ്പോലെ നാലു പണകൾ ചെറിയ ഗ്രൂപ്പുകളാക്കി, അങ്ങനെ പല ഗ്രൂപ്പുകളായി അവയുടെ ഓരോ ഗ്രൂപ്പുകലുടെയും ഇടയിൽക്കൂടെ വിതക്കാരന് നടന്നു പോകുവാനുള്ള നടപ്പാതകൾ ഉണ്ടാകുന്നു. ഇവിടെ വിതക്കുമ്പോൾ കുറെ വിത്തുകൾ ഈ വഴികളിലാണ് വീഴുന്നത്. പല പ്രാവശ്യം ഈ പാതയിൽ കൂടെ നടന്നു വരുമ്പോൾ ആ വഴി അധികം കട്ടിയുള്ളതായിതീരുന്നു. അവിടെ വീഴുന്ന വിത്തുകൾക്ക് കിളിർത്തു വരുവാൻ പറ്റുകയില്ല. അത് മനുഷ്യജീവിതത്തിന്റെ അവസ്ഥയാണ് ദൈവവചനത്തെ ചവിട്ടിക്കളയുന്ന ജീവിതരാതി. അവിടെ ദൈവവചനത്തിന് വളരാനുള്ള അവസരം ഇല്ല. നമ്മുടെ ചവിട്ടുകൊണ്ട് അത് ഫലം തരാതെ കിളിർക്കുക പോലും ചെയ്യാതെ നശിച്ചുപോകുന്ന മനുഷ്യരുണ്ട്. കിട്ടുന്ന തക്കസമയത്ത് അത് പക്ഷികൾ (സാത്താൻ) കൊത്തികൊണ്ടു പോകുന്നു.

ദൈവവചനം സ്വീകരിക്കാത്ത മനുഷ്യൻ വഴിയരികിന് സമം. അവന്റെ സ്വഭാവം.

1. പരുക്കൻ മനസ്സിന് ഉടമ
2. നിസംഗതാ മനോഭാവം
3. ശ്രദ്ധ കുറവുള്ളവൻ

കഠിനഹൃദയം വചനം കേൾക്കുകയില്ല. സ്പർശിക്കുന്നുമില്ല. സാത്താൻ അവരുടെ ഹൃദയത്തിൽ നിന്ന് വചനം എന്ന വിത്ത് എടുത്തു മാറ്റുന്നു. ദൈവത്തേക്കാളധികം മനുഷ്യൻ നിന്നുള്ള സ്തുതി മാത്രം മനുഷ്യൻ ആഗ്രഹിക്കുന്നു. ചിലർ വെളിച്ചത്തേക്കാൾ അധികം ഇരുളിനെ സ്നേഹിക്കുന്നു. ഇങ്ങനെയുള്ളവരെ സാത്താൻ നിസ്സാരമായി അന്ധതപ്പെടുത്തുന്നു.

(2) പാറമേൽ വീണ വചനം എന്ന വിത്ത് - താല്ക്കാലിക വിശ്വാസമുള്ള മനുഷ്യൻ

വി. മർക്കോസ് 4:16-17

ആദ്യം വലിയ ആവേശം. വചനത്തെ സന്തോഷത്തോടെ സ്വീകരിക്കും. പക്ഷേ വേരില്ലാത്ത വിശ്വാസത്തിന്റെ ഉടമയായതിനാൽ കഷ്ടതയും ഉപദ്രവവും വന്നാൽ വിശ്വാസം ഒടുങ്ങുന്നു.

“ഉത്സാഹത്തിൽ തുടങ്ങിയ വിശ്വാസജീവിതം കഷ്ടതകളിൽ ഒടുങ്ങുന്നു.”

“These are those who believe for a while, but their heart is shallow.” Origen.

പാറസ്ഥലത്ത് വീണ വിത്ത് വേരില്ലാതെ ഉണങ്ങിപ്പോയി. പാലസ്തീനിൽ പല സ്ഥലങ്ങളിലും പാറയാണ്. മിക്കവാറും നിരപ്പുള്ള സ്ഥലംപോലെ ദൃശ്യമാകുന്ന ചുണ്ണാമ്പുകല്ലിന്റെ മുകളിൽ വരെ കനം കുറഞ്ഞ വണ്ണത്തിൽ മണ്ണ് നിരന്നിരിക്കുകയും അവിടെ വല്ലപ്പോഴും ലഭിക്കുന്ന ചാറിൽ മഴകളിൽ നിന്നും ലഭിക്കുന്ന ഈർപ്പം മൂലം ആ കാലയളവിൽ വിതയ്ക്കപ്പെടുന്ന വിത്തുകൾ വീണാൽ കിളിർത്തുവരും. പക്ഷേ വെയിൽ അടിക്കുമ്പോൾ അവ ചൂടുതട്ടി വാടി ഉണങ്ങിപ്പോകും.

ചിലപ്പോൾ പരീക്ഷണഘട്ടം വരെയും നാം കേൾക്കുന്ന വചനങ്ങൾ കിളിർത്തു വരുന്നു വരും. കഠിന പരീക്ഷകൾ ജീവിതത്തിലേക്ക് വരുമ്പോൾ പിടിച്ചു നിൽക്കുവാൻ കഴിവില്ലാതെ അത് വാടി ഉണങ്ങിപ്പോകുന്നു.

ആവണക്കിന്റെ തണലിൽ സന്തോഷിച്ച യോന ആവണക്ക് പുഴു കുത്തി കളഞ്ഞ കാരണത്താൽ (യോന 4:5),രാവിലെ അത് വാടി പോയപ്പോൾ അതിനെ ഓർത്ത് ദുഃഖിക്കുന്ന അവസ്ഥ നമ്മുടെ ജീവിതത്തിലും ഉണ്ടാകുമ്പോൾ, യഹോവ തന്നു, യഹോവ എടുത്തു, അവന്റെ നാമം വാഴ്ത്തപ്പെടട്ടെ എന്ന് പറയുന്നു. ഇയ്യോബിനെ (ഇയ്യോ. 1:21) നമ്മുടെ ഉള്ളിൽ കാണണം.

(3) മുള്ളിനിടയിൽ വീണ വചനം എന്ന വിത്ത്-ലോകത്തിന്റെ മോഹങ്ങളിൽ ജീവിക്കുന്ന മനുഷ്യൻ

വി. മർക്കോസ് 4:18-19

വചനം വളരാൻ തുടങ്ങി. പക്ഷേ ലോകത്തിന്റെയും സമ്പത്തിന്റെ മോഹം അതിനെ ഞെരുക്കി കളഞ്ഞു. ഇന്ന് നമ്മുടെ ജീവിതത്തിലും വചനത്തിന്റെ ശബ്ദത്തെ ലോകത്തിന്റെ ശബ്ദം അടക്കികളയുന്നു.

“They love God in their lips but the world in their heart.” St. Jerome.

പാലസ്തീനിലെ കൃഷിക്കാർ മുള്ളുകളുടെ മുകൾഭാഗം വെട്ടിക്കളയും. കാഴ്ചയിൽ ഇല്ല ഒരുക്കപ്പെട്ട സ്ഥലം പോലെ തോന്നും. അതിന്റെ വേര് അവിടെ കിടക്കും..അത് വളർന്നുവരും. അത് വിത്തിനെ ഞെരുക്കും. തിങ്ങിനിറഞ്ഞ ഹൃദയം ദൈവത്തേയും മാമോനേയും ഒരുപോലെ പ്രീതിപ്പെടുത്താൻ ആഗ്രഹിക്കുന്നു. ആത്മാവിന്റെയും ജഡത്തിന്റെയും ആഗ്രഹത്തെ നിറവേറ്റാൻ പരിശ്രമിക്കുന്ന ഹൃദയം ആത്യന്തികമായി ജീവിതത്തെ ഞെക്കി ഞെരുക്കാതെ ഇടയാകും. എന്നാൽ ക്രിസ്തുവിനുവേണ്ടി ജീവിതം മാറ്റിവയ്ക്കുന്നില്ല.

ഇഹലോകചിന്തകൾ ധനത്തിന്റെ മോഹം, മറ്റു വിഷയമോഹങ്ങൾസ കരുതലുകൾ, ആകാംക്ഷകൾ, മനോവിഷമങ്ങൾ തുടങ്ങിയവ മനസ്സിനെ ഞെരുക്കുന്നു. ആത്മീകതയെ നശിപ്പിക്കുന്നു. കൃപകളെ നഷ്ടപ്പെടുത്തുന്നു. ആത്മ ഫലങ്ങൾ അവരിൽ ചുരുക്കികളയുന്നു.

“മനുഷ്യഹൃദയം മണ്ണിൽ പ്രതലമാണ്. ആഗ്രഹങ്ങൾ ഉള്ള അതിന്റെ ഉല്പാദനം മുള്ളും പറകാരയുമാണ്. ഉഴുതും കിളക്കാതെയും ഇരുന്നാൽ അത് വളർന്നുകൊണ്ടേയിരിക്കും.”

‘ഭൗതീകമായ സൗകര്യങ്ങൾ ദൈവീകമായ വിളികളെ മുക്കികളയുന്നു” സെന്റ് ജോൺ ക്രിസോസ്റ്റം.

(4) നല്ല നിലത്തുവീണ വചനം എന്നവിത്ത് - അർപ്പിത ഹൃദയമുള്ള മനുഷ്യൻ

വി. മർക്കോസ് 4:20

വചനം കേൾക്കുന്നു, സ്വീകരിക്കുന്നു, ഫലം നൽകുന്നു.

‘നല്ല നിലം എന്നത് അനുസരണത്തിന്റെ ഫലമാണ്.’

- സെന്റ് ഗ്രിഗറി ദി ഗ്രേറ്റ്

നല്ല നിലം.വചനം കേൾക്കുന്നവർ താല്പര്യത്തോടെ ഇരുന്ന് അത് ആഴത്തിൽ വേരൂന്നി, ആറ്റരികത്ത് നട്ടിരിക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ഇരിക്കും. അത് ദൈവരാജ്യത്തിന്റെ പൂർണ്ണതയാണ്.

‘തലമുറകളെ മാറ്റുന്ന വിശ്വാസം വരണമെങ്കിൽ നാം നല്ല നിലമാകണം.”

അർപ്പിത ഹൃദയമുള്ള മനുഷ്യൻ

1. വചനം എപ്പോഴും കേൾക്കും പഠിക്കും.
2. വചനം മനസ്സിലാക്കും
3. വചനപ്രകാരം ജീവിക്കും.
4. നല്ല ഫലം നൽകും.

വെടിപ്പുള്ള, ആഴമുള്ള, വളക്കൂറുള്ള നല്ല മണ്ണിൽ വിത്ത് നന്നായി വളരുന്നു. നല്ല നിലമായി നമ്മുടെ ഹൃദയവും ജീവിതവും ഒരുക്കപ്പെടണം. നല്ല നിലത്തെ വിത്ത് നമ്മുടെ ജീവിതത്തിലേക്ക് മൂന്ന് ചിന്തകൾ പകരുന്നു.

1. നമ്മൾ വചനം കേൾക്കണം: “Faith comes by hearing” (Rom. 10:17)
2. നമ്മൾ വചനം സ്വീകരിക്കണം. “വചനം സൗമ്യതയോടെ കൈക്കൊള്ളുവിൻ” (യാക്കോബ് 1:21)
3. അവയെ പ്രവൃത്തിയിൽ കൊണ്ടുവരണം.

അപ്പോൾ മറ്റുള്ളവർ നമ്മേ നോക്കി പറയും ഇതാ ക്രിസ്തുവിനായി മുപ്പതും അറുപതും നൂറും മേനി ഫലം നൽകുന്ന നല്ല മനുഷ്യൻ എന്ന്.

നല്ല നിലം തന്നെ ഉണ്ടാകില്ല. വിശ്വസ്തതയോടെ പരിശ്രമിക്കണം. നല്ല നിലമായി ഹൃദയം എങ്ങനെ ഒരുക്കാം.

1. പ്രാർത്ഥനയിലൂടെ
2. അഹങ്കാരത്തിന്റെയും ആശങ്കകളുടെയും പറ പൊളിക്കണം.
3. ലോകമോഹങ്ങളുടെ കാടുകൾ വെട്ടികളയണം.

“The Fruitful hearer is he who tills the field of his heart, removing stones of pride, thorns of anxiety and roots into action.”

❑



ഫാ. തോമസ് വർഗീസ് കാവുങ്കൽ അന്തരിച്ചു

മുൻ കോട്ടയം ഭദ്രാസന സെക്രട്ടറി ഫാ. തോമസ് വർഗീസ് കാവുങ്കൽ അന്തരിച്ചു. സംസ്ക്കാരം പിന്നീട്.

Church Calendar

Eighth Sunday after Pentecost

Hearing the Word, Becoming the Temple, Living the Eucharist

Fr Aaron Joshua John

The season after Pentecost teaches us how to live in the Spirit—how to bear fruit worthy of the Kingdom. On this Eighth Sunday, the Church turns our attention to hearing and responding to the Word of God. Christ, the Eternal Word, has spoken through parables, through prophets, and most fully in the Eucharist. The readings today bring us to a place of examination: What kind of soil are we? How do we receive the Word? And what do we become through that Word?

Christ teaches us that the seed is the Word of God (Mark 4:14), and that it is sown into human hearts. But only hearts that are prepared, deep, and humble will bear fruit. As Orthodox Christians, we must not only hear the Gospel—we must be transfigured by it, nourished by it, and ultimately offer our lives as spiritual sacrifices.

1. Receiving the Word in Faith and Depth

In the evening and morning Gospels (Mark 4:1–23 and Matthew 13:10–23), Christ offers the Parable of the Sower—a story familiar but forever challenging. Some seed falls on the path, some on rocky ground, some among thorns, and some on good soil. Jesus explains that these represent different kinds of hearts. Those who hear but do not understand, those who receive joyfully but shallowly, those whose faith is choked by worldly cares, and those who receive with depth and bear much fruit.

The disciples are told, "To you it has been given to know the secrets of the Kingdom of Heaven," (Matthew 13:11), but this knowledge is not for curiosity—it is for transformation. The mystery of the Kingdom is revealed not to the clever but to those who humble themselves to learn, to till the soil of their hearts. Saint John Chrysostom writes, "Let us be diligent farmers of the soul, ploughing and weeding, so that the Word may dwell richly and grow." The Orthodox tradition invites us to cultivate our hearts through prayer, fasting, the reading of Scripture, confession, and participation in the Eucharist.

The Old Testament readings remind us how often the people of God failed to truly hear. Jeremiah 7 accuses the people of offering sacrifices without obedience. Isaiah 52 speaks to a people defiled by oppression and forgetful of God's name. Yet Exodus 3 reminds us of God's faithfulness. He hears the cry of His people and sends Moses with His sacred Name: "I AM WHO I AM." This is the God who speaks and acts. And this God now sows the living Word into our lives through Christ.

2. Becoming the Temple, Nourished by the Living Bread

The New Testament readings take us deeper into our identity as those who receive and become the Word. In I Peter 2:4–10, we are told that we are "living stones," being built into a spiritual house, a holy priesthood, to offer spiritual sacrifices acceptable to God. We are "a chosen race, a royal priesthood, a holy nation." This is not just theological poetry—it is a radical vision of Christian life.

To receive the Word is to become the temple of the Word. We are no longer passive listeners, but participants in divine life. Saint Cyril of Jerusalem says, "You were called not only to be Christians, but to be Christs—to be anointed, to bear His presence, to shine with His light."

Hebrews 4:14–5:5 assures us that Christ is our High Priest—who sympathizes with our weakness, having been tested in every way. He is not distant but present, and He offers Himself not just once in the past but perpetually in the Eucharist. The Gospel reading from John 6:47–59 brings this all together. Christ says, "I am the Bread of Life… If anyone eats of this bread, he will live forever… For My flesh is true food, and My blood is true drink." This is not metaphor. This is mystery. In the Holy Qurbana, the Word becomes flesh again for us—not in a new incarnation, but in a real participation in Christ's death and resurrection.

Those who receive the Word in faith are invited to feast on that same Word made flesh. In the Eucharist, we do not just remember Christ—we abide in Him. We become one body. We are transformed from soil into temple, from hearers into proclaimers, from dead stones into living ones.

The Eighth Sunday after Pentecost reminds us that the Word of God is not an abstract truth, but a living seed, a consuming fire, and the Bread of Life. The soil of our heart must be made ready. We must listen deeply, repent sincerely, and receive frequently. Let us ask ourselves, What kind of soil am I? Am I attentive or distracted? Do I respond in faith or forget quickly? Have I made my life into a spiritual temple for Christ to dwell? May we, through the intercession of the Theotokos and all the saints, be good soil—hearing the Word, receiving Christ in the Eucharist, and bearing fruit in holiness, unity, and love.

❑

നവതി നിറവിലായ കുര്യാക്കോസ് മാർ ക്ലീമ്മീസ് വലിയ മെത്രാപ്പോലീത്തായുടെ ജന്മദിനം കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ ആഘോഷിച്ചപ്പോൾ.

വറ്റിപ്പോകാത്ത 'നീരുറവകൾ'... സ്ത്രീപക്ഷ വായന

ഫാ. അജീഷ് ബാബു

വാക്കുകൾ മുറിഞ്ഞുപോയ എത്രയോ മനുഷ്യരാണ് നമ്മുടെ വീട്ടിലുള്ളത്, അമ്മ, സഹോദരി, ഭാര്യ. അവരുടെ മനസ്സ് എപ്പോഴെങ്കിലും നാം അടുത്തറിഞ്ഞിട്ടുണ്ടോ?. പോകുന്ന ഇടങ്ങളിൽ ഇഷ്ടത്തിനനുസരിച്ച് അണിഞ്ഞൊരുങ്ങി മൗനമായി വരുമ്പോൾ, അവർ ഒന്നു വായ് തുറന്നു ചിരിക്കുമ്പോൾ പോലും പുറത്തു കാണിക്കാത്ത ദേഷ്യം ഉള്ളിൽ പൊന്തിവരാറില്ലേ.

പോരാടുന്ന ദൈവത്തെ ചിത്രീകരിക്കുന്നതിനിടയിൽ ന്യായാധിപന്മാരുടെ പുസ്തകത്തിൽ വേറിട്ട സ്ത്രീ ശബ്ദങ്ങളുണ്ട്. അവ പരമ്പരാഗതമായ പുരുഷാധിപത്യത്തിനെതിരെ നിരന്തരമായി ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടേയിരിക്കുന്നു.

ന്യായാധിപ/ന്യായാധിപൻ She/He.:

ന്യായാധിപൻ എന്ന വാക്കിന് ഒരു നിയമപരമായ പ്രതിരൂപമുണ്ട്. കറുത്ത വസ്ത്രം ധരിച്ച് ഇരിക്കുന്ന ന്യായാധിപൻ ചിന്തിക്കുന്നു, കുറുപ്പുകൾ തയ്യാറാക്കുന്നു. വാദപ്രതിവാദങ്ങളിൽ നിന്ന് നിയമപുസ്തകങ്ങളുടെ അടിസ്ഥാനത്തിൽ വിധി വാചകം പുറപ്പെടുവിക്കുന്നു.

Judges എന്ന ഇംഗ്ലീഷ് പദം അതിൽതന്നെ എന്തോ ഒരു കുറവുണ്ടെന്ന് തോന്നും. കാരണം പുരുഷന്മാരെയും അവരുടെ രാഷ്ട്രീയത്തെയും അവരുടെ യുദ്ധങ്ങളെയും പുസ്തകത്തിന്റെ കേന്ദ്രമായി പരിഗണിക്കുന്നു. Deborah, Jael പോലുള്ള സ്ത്രീകൾ യുദ്ധരംഗത്ത് പങ്കെടുക്കുകയും നയിക്കുകയും ചെയ്തിരുന്നുവെങ്കിലും, ബൈബിൾ പാരമ്പര്യത്തിൽ ന്യായാധിപന്മാരെക്കുറിച്ചുള്ള പരാമർശങ്ങൾ ആവർത്തിക്കുമ്പോൾ, ശ്രദ്ധ പുരുഷന്മാരിലാണ്.

ന്യായാധിപന്മാരെ ദൈവം വിളിക്കുകയും നിയമിക്കുകയും ചെയ്യുന്നു. അവരുടെ എളിയ സാഹചര്യങ്ങളെ രൂപാന്തരപ്പെടുത്തുന്നതും ഉപയോഗപ്പെടുത്തുന്നതും ദൈവമാണ്. അസൗകര്യങ്ങൾക്കിടയിൽ നിന്ന് അസാധാരണമായ വിജയം കൈവരിക്കുന്ന ന്യായാധിപന്മാർ. ഔപചാരിക കോടതിമുറി ഇല്ലായിരുന്നു, ഒരു ഈന്തപ്പനയുടെ ചുവട്ടിൽ. (ന്യായാധിപൻ 4:5)

ജഡ്ജ് എന്ന പദവി ഹീബ്രു പാർടിസിപ്പിൾ ഷോപ്പെറ്റ് (Shapat) വിവർത്തനം ചെയ്യുന്നു, ഇത് ഷാപത് എന്ന ക്രിയയിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. ഷാപറ്റിന് വിശാലമായ അർത്ഥതലങ്ങളുണ്ട്, അത് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യാൻ പ്രയാസമാണ്: തീരുമാനിക്കുക (വിധിക്കുക), ഭരിക്കുക, ന്യായീകരിക്കുക, കൈമാറുക തുടങ്ങിയതാണ്. മിക്ക ബൈബിളിലെ 'ന്യായാധിപന്മാരും' തങ്ങളുടെ ആളുകളെ ശത്രുക്കളുടെ കയ്യിൽ നിന്ന് രക്ഷിച്ചു. പ്രതിസന്ധി ഘട്ടങ്ങളിൽ അവർ സൈനിക നേതാക്കളായി പ്രവർത്തിച്ചു. മാത്രമല്ല, പലരും അവരുടെ ജീവിതകാലം മുഴുവൻ ജനത്തിനൊപ്പം ജീവിച്ചു.

ഭാഷയും ഭാഷയുടെ നീതിയും അവനു മാത്രമല്ല അവൾക്കും, അവർക്കുമുണ്ട്.

ഒത്നിയേൽ എന്ന ന്യായാധിപനെ വിവരിക്കുമ്പോൾ ഒത്നിയേൽ എന്ന കഥാപാത്രത്തെക്കാൾ എത്രയോ മടങ്ങ് ആകർഷകമായാണ് അക്സയുടെ കഥാപാത്രത്തെ ചിത്രീകരിക്കുന്നത്. "തന്റെ വിവാഹസമ്മാനമായി 'നീരുറവകൾ' ആണ് അവൾ അവകാശം ചോദിക്കുന്നത്. അവൾ പിതാവിൽ നിന്ന് അനുഗ്രഹമായി ജലം കൈക്കൊള്ളുന്നു. അത് സമൃദ്ധജീവനായുള്ള ആശംസയാണ്.

കീഴടക്കലിനും വിജയത്തിനും ഇടയിൽ അക്സസാ അസാമാന്യമായ ഒരു വ്യക്തിത്വമായി പ്രത്യക്ഷപ്പെടുന്നു. കിരിയത്ത് സേഫെർ പിടിച്ചടക്കുന്നവന് കാലേബ് തന്റെ മകളെ വിവാഹം കഴിച്ചു കൊടുക്കുന്നത് ഒരു വീര യോദ്ധാവുമായി ബന്ധുത സ്ഥാപിക്കുന്നതിനുള്ള ശ്രമമായി കണക്കാക്കാം. ആക്രമണവും കീഴടക്കലും ശൈലിയായി മാറിയ ഗോത്ര സംസ്കൃതിയിൽ ഒരു വീര യോദ്ധാവുമായുള്ള കൂട്ടുകെട്ട് നിർണായകമായിരുന്നു. ഒത്നിയേലാകട്ടെ, കാലേബിന്റെ സഹോദര പുത്രനുമായിരുന്നു.

ആദ്യപരാമർശം മുതൽ തന്നെ അക്സയെ പേരെടുത്തു പറയുന്നത് അവളുടെ വ്യക്തിത്വത്തിന്റെ പ്രാധാന്യത്തെ ധ്വനിപ്പിക്കുന്നു. അക്സാ എന്ന പദം 'e ko s'എന്ന എബ്രായപദത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാകാം. 'പാദസരം' അഥവാ 'വള' എന്നാണ് ഇതിന്റെ അർത്ഥം. ഈ പദത്തിന്റെ ശൃംഗാരഭാവവും അവൾ മികച്ച യോദ്ധാവിനുള്ള പ്രതിഫലമാണ് എന്നതും അവളുടെ വ്യക്തിത്വത്തെ കാലേബും ഒതിയേലും പ്രതിനിധാനം ചെയ്യുന്ന പുരുഷലോകം ചെറുതാകുന്നു.

അവൾ തന്റെ അപ്പനായ കാലേബിനോട് ഒരു വയൽ ചോദിക്കാൻ ഒത്നിയേലിനെ ഉത്സാഹിപ്പിക്കുന്നു. പുരുഷന്റെ ആവശ്യങ്ങൾക്കുവേണ്ടി സ്വയം നിൽക്കുന്ന സ്ത്രീകളുടെ പാരമ്പര്യ പുരുഷമേൽക്കോയ്മയുള്ള വാദങ്ങൾക്കെതിരായി തന്റെ ആവശ്യങ്ങൾക്കുവേണ്ടി ഒത്നിയേലിനെ ഉത്സാഹിപ്പിക്കുന്നു. അവളുടെ തന്റെ അവകാശങ്ങൾക്കുവേണ്ടി ഉള്ളിൽ തിരകൾ ഇളകി മറിയുന്ന ഒരു കടലാണ്.

അവളുടെ നിർണായകമായ അപേക്ഷ, നീരുറവകൾ ഒഴിച്ചുകൂടാനാവാത്തതാണ്.

നീരുറവകൾ എല്ലാ കാലത്തേക്കുള്ള നിലയ്ക്കാത്ത ജീവന്റെ അംശമാണ്.

അവൾ ഭൂമിയാണ്. വിത്ത് വിതെക്കപ്പെടേണ്ട ഇടം. ജീവന്റെ പരിപോഷണത്തിനാവശ്യമായ ജീവജലം അവൾ പിതാവിൽ നിന്ന് അനുഗ്രഹമായി ചോദിക്കുന്നു. സ്ത്രീയും പ്രകൃതിയും തമ്മിലുള്ള അവിഭാജ്യമായ ഐക്യം ഇവിടെ വ്യക്തമാണ്. ചതുപ്പുനിലങ്ങൾ (wetlands) ഭൂമുഖത്ത് ജീവന്റെ പരിപോഷണത്തിനും ഭൂഗർഭജലനിരപ്പ് സംരക്ഷിക്കുന്നതിനും അനിവാര്യമാണ്. 'വയൽ' ചോദിക്കാൻ ഉത്സാഹിപ്പിക്കുകയും 'നീരുറവകൾ' ചോദിക്കുകയുമാണ് അവൾ ചെയ്യുന്നത്. മനുഷ്യ സംസ്കാരത്തിന്റെ നിലനില്പ് ജലസ്രോതസ്സുകളുമാ

യുള്ള സംസർഗ്ഗത്തിലാണ്. ഇത് അംഗീകരിക്കുന്ന അക്സാ, ചതുപ്പുനിലങ്ങളുടെയും നീരുറവകളുടെയും സംരക്ഷണം ഉറപ്പിക്കുന്ന ഒരു മൂല്യ ബോധത്തെയാണ് ഉയർത്തിപ്പിടിക്കുന്നത്.

ഗോത്രപദവിയുടെ കൈമാറ്റം

സമൃദ്ധജീവനിലേക്കുള്ള അനുഗ്രഹമാണ് അവൾ പിതാവിൽ നിന്ന് വാങ്ങുന്നത്. അബ്രഹാമിൽ നിന്ന് യിസ്ഹാക്കും യിസ്ഹാ ക്കിൽ നിന്ന് യാക്കോബും യാക്കോബിൽ നിന്ന് ഗോത്രപിതാക്കളും എന്നപോലെ തന്റെ പിതാവിൽ നിന്ന് അവൾ അനുഗ്രഹം സ്വായത്തമാക്കുന്നു. അവൾ കഴുതപ്പുറത്തു നിന്ന് ഇറങ്ങുന്നത് ബഹുമാനപൂർവ്വം നമസ്കരിക്കുന്നതിന് ആയിരിക്കണം (1 ശമു. 25:23). 'അവൾ വന്നപ്പോൾ' 'അവൾ കഴുതപ്പുറത്തു നിന്ന് ഇറങ്ങിയപ്പോൾ' ഇത് അവളുടെ സ്വഭാവത്തെയാണ് കാണിക്കുന്നത്. മുൻകൈയ്യെടുക്കുകയും ഭാവനകൊണ്ട് ജീവിതത്തെ കൊരുത്തെടുക്കുകയും ചെയ്യുന്ന സ്ത്രീയുടെ പ്രകൃതിയുടെ ഭാഗമാണെന്ന് പറയാതെ പറഞ്ഞു, അക്സാ.

സ്ത്രീ ജീവിതത്തിലെ സഹനങ്ങൾ, ഏകാന്തതകൾ അനുഭവിക്കുന്നതിനിടയിൽ തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് പലപ്പോഴും ധാരണയില്ലാത്തവരാകും. ഒട്ടും പൊരുത്തപ്പെടാത്ത ഇടങ്ങളിൽ വളരെ നിശബ്ദരായിട്ടാണ് അവർ നിൽക്കാറുള്ളത്.

അശ്വതി ശ്രീകാന്തിന്റെ 'കാളി' എന്ന കഥ ഒരു വേറിട്ട സ്ത്രീ അനുഭവമാണ്. സഹനങ്ങളിൽ കനൽ കത്തുന്നവൾ കാളിയായി മാറുന്നു കഥ പറയുന്നു.

സാവിത്രിയും കൊച്ചയ്യപ്പനും മൂന്ന് മക്കളുമാണ് കുടുംബം. അയ്യപ്പൻ പകലൊക്കെ കല്ലുപണിക്കു പോകും, തടിപ്പണിക്കു പോകും, പുരപണിക്കും പോകും. കിട്ടണ കാശിന് പാടത്തിന്റെ അപ്പുറത്തെ ഷാപ്പീന്ന് കള്ളു കുടിക്കും. കഞ്ഞിക്കു ചൂട് പോരെന്നോ, ചൂട് കൂടിയെന്നോ, മണ്ണെണ്ണവിളക്കിന് വെട്ടം പോരെന്നോ, വെട്ടം കൂടിയെന്നോ പറഞ്ഞ് സാവിത്രിയെ തല്ലും. അടിനാഭി നോക്കി ചവിട്ടും. പുര മുഴുവൻ തെറികൊണ്ട് പുളിക്കും. റേഷനരിയും പഞ്ചാരയും വീടാകെ വാരിയെറിയും. സാവിത്രി വായിൽ പഴകിയ സാരിക്കീറു തിരുകി ഒച്ചയമർത്തും. പിള്ളേരെ അങ്ങേര് കാലേൽ തൂക്കിയടിക്കും. ചെറുതൊന്നിനെ ഒരിക്കൽ മുറ്റത്തേക്ക് എറിഞ്ഞിട്ട് അതുരുണ്ടു പാറയുടെ താഴെയെത്തിയാണ് നിന്നത്. ചത്തെന്ന് തോന്നിച്ചിട്ടത് ഉയിരോടെ തിരിച്ചുവന്നത് ഭഗവതീടെ കാരുണ്യമാണ്. അപ്പൻ വന്നാലുടനെ സാവിത്രി പത്തു വയസ്സായ പെങ്കൊച്ചിനെ ഓലമറയ്ക്കപ്പുറത്താക്കും. പാതകത്തിട്ടയിലേക്ക് അമ്മയെ മലർത്തി കിടത്തുന്നത് അവളെങ്കിലും കാണണ്ടല്ലോ. എന്നാലുമവളത് എത്രയോ വട്ടം കണ്ടിരിക്കുന്നു.

അങ്ങനെ ചത്ത് ജീവിക്കുന്ന സാവിത്രിക്കാണ് ഇപ്പോ ചത്ത ഒന്നിന്റെ ബാധകൂടി കയറിയത്. പോരേ പൂരം! പക്ഷേ, പിറ്റേന്ന് സന്ധ്യയോടെ നാട്ടുകാർക്കൊക്കെ അഭിപ്രായം മാറ്റേണ്ടി വന്നു.

അന്നും വൈകിട്ട് ദീപാരാധന നേരത്ത് സാവിത്രി നേരേ കാവിലെത്തി. അലറി വിളിച്ചോടിയല്ല. അങ്ങേയറ്റം ശാന്തയായി, അരയറ്റം ചുരുളൻമുടിയഴിച്ചിട്ട്, നെറ്റിയിലൊരു കുങ്കുമപ്പൊട്ട് തൊട്ട്, മെലിഞ്ഞുകറുത്ത ദേഹത്ത് കരിനീലയൊരു പരുത്തിസാരി ചുറ്റിയുടുത്ത് സാവിത്രി കാവിലെത്തി. ഇന്നലെ കണ്ട പെണ്ണുങ്ങൾ ഇന്നൊരല്പം അകലം സൂക്ഷിച്ചു. സാവിത്രി കണ്ണടച്ച് നടയ്ക്ക് മുന്നിൽ തൊഴുതുനിന്നു.

സഹനങ്ങളിലെ മൗന പോരാട്ടങ്ങളിൽ സ്വയം വെളിപ്പെടുന്ന ദൈവം...

നീരുറവ ചോദിക്കുന്ന അക്സ ന്യായാധിപ പുസ്തകത്തിലെ പ്രകൃതിയാണ്. മനുഷ്യനും പ്രകൃതിയും രണ്ടല്ല എന്ന് അക്സ നിലപാടുകളിൽ കൂടി ആവർത്തിച്ച് ആവർത്തിച്ചു പറയുന്നു. പുരുഷാധിപത്യത്തിന്റെ സഹനങ്ങളോടു മൗനപൂർവ്വം പോരാടുന്ന സാവിത്രി, അക്സ ദൈവത്തിന്റെ നീരുറവകളാണ്...

❑

കഴിഞ്ഞ ദിവസം ആതുര ശുശ്രൂഷ രംഗത്ത് പ്രവർത്തിക്കുന്ന രണ്ട് കന്യാസ്ത്രീകളുടെ കൂടെ അക്രൈസ്തവരായ രണ്ടു സഹോദരിമാരെ കണ്ടു എന്ന ഒറ്റ കാരണത്താൽ ഒരു റെയിൽവേ ഉദ്യോഗസ്ഥന്റെ പക്ഷപാതപരവും ക്രൂരവുമായ നിലപാടിൽ തകർക്കപ്പെട്ടത് ഇന്ത്യയുടെ മതനിരപേക്ഷതയുടെ മുഖമാണ്. അവരുടെ ഭാഗത്ത് എന്തെങ്കിലും പിഴവുണ്ടെങ്കിൽ നിയമപരമായി നടപടിയെടുക്കേണ്ടതിനു പകരം ആ ഉദ്യോഗസ്ഥൻ ചെയ്തത് അവിടുത്തെ ചില ആളുകളെ വിവരം അറിയിച്ച് ആ കന്യാസ്ത്രീകളെ ആക്രമിക്കുവാനുള്ള നിലപാടാണ്. ഭാരതത്തെ സംബന്ധിച്ച് ഇന്നു കാണുന്ന വിദ്യാഭ്യാസ സാംസ്കാരിക മുന്നേറ്റത്തിന് പ്രധാന കാരണം ക്രൈസ്തവ സമൂഹത്തിന്റെ സംഭാവനയാണ്. അക്ഷര വിദ്യാഭ്യാസം ഇല്ലാത്ത ഒരു ജനതയെ വളർത്തി എക്കാലവും ചില രാഷ്ട്രീയ മേലാളന്മാർക്ക് വാഴാം എന്ന വ്യാമോഹം അസ്തമിക്കും എന്ന ചിന്തയാണ് ഇത്തരം സാമൂഹിക പരിഷ്കർത്താക്കളായ സഭാ ശുശ്രൂഷകരെ കൂട്ടം ചേർന്ന് അക്രമിച്ച് ഇല്ലാതാക്കുന്നതിന്റെ പ്രധാന കാരണം. അടിമകളായി ഒരു വിഭാഗത്തെ വളർത്തിയെങ്കിൽ മാത്രമേ താങ്കളുടെ ശിഷ്ടകാലം ശോഭനമാകൂ എന്ന് ഈ കൂട്ടർക്ക് അറിയാം. വിവരവും വിദ്യാഭ്യാസവും ഉള്ള തലമുറ അനീതിക്കും അക്രമത്തിനും അഴിമതിക്കും നേരെ വിരൽ ചൂണ്ടും എന്നത് ഇവരെ ഭയപ്പെടുത്തുന്നു. സ്വർണ്ണ കിരീടവും, കേക്കും, അത്താഴ വിരുന്നുകൊണ്ട് കണ്ണു മഞ്ഞളിച്ചു പോകുന്നവർ ഉണ്ടാകാം. എന്നാൽ എല്ലാവരെയും ആ കൂട്ടത്തിൽ പെടുത്തരുത്. ക്രൈസ്തവരെ ആക്രമിക്കുന്നതിലും, അക്രമിച്ചതിന്റെ പേരിലും രാഷ്ട്രീയ മുതലെടുപ്പ് നടത്താമെന്ന് ആഗ്രഹിക്കുന്നവരും തകർക്കുന്നത് ഭാരതത്തിന്റെ മഹത്തരമായ സംസ്കാരത്തെയും, നീതിബോധത്തെയും, മതനിരപേക്ഷതയും ആണ്. സാമൂഹ്യ പ്രതിബദ്ധതയോടെ ഉള്ള സഭയുടെ പ്രവർത്തനത്തിൽ നിന്ന് പിന്തിരിപ്പിക്കുവാൻ ഇത്തരം ബാലിശമായ പ്രവർത്തനങ്ങൾ കൊണ്ട് സാധ്യമല്ല. കന്യാസ്ത്രീകളെ അക്രമിച്ചവർക്കെതിരെ ശക്തമായ നടപടിയെടുക്കുന്നതിനും, തടങ്കലിൽ നിന്ന് മോചിപ്പിക്കുന്നതിനും ഉത്തരവാദിത്തപ്പെട്ട നേതൃത്വം തയ്യാറാകണം. ക്രൈസ്തവ സമൂഹത്തിന് നേരെ നടത്തുന്ന സാമൂഹ്യവിരുദ്ധരുടെ ഇത്തരം പ്രവർത്തനത്തിൽ ശക്തമായ അമർഷവും പ്രതിഷേധവും രേഖപ്പെടുത്തുന്നു. ഇത്തരം വിഷയങ്ങളിൽ എങ്ങനെ പ്രതികരിക്കണം എന്നത് സഭാ നേതൃത്വത്തിന് ബോധ്യമുള്ളതാണ്. എരിതീയിൽ എണ്ണയൊഴിക്കുന്ന പ്രസ്താവനകൾ നടത്തി രാഷ്ട്രീയ ലാഭം കൊയ്യാൻ ശ്രമിക്കുന്നത് ആർക്കും ഭൂഷണമല്ല. ഇപ്പോൾ സഭകളോട് കാണിക്കുന്ന സ്നേഹത്തിന്റെ ഉദ്ദേശം ആരും പ്രത്യേകം പറഞ്ഞു തരേണ്ട കാര്യമില്ല. എന്നാൽ സഭയെ സംബന്ധിച്ച് അതിനെ ലക്ഷ്യവും നിലപാടും എക്കാലവും ശക്തവും ഉറച്ചതും ആണ്. ഇത്തരം അക്രമങ്ങൾ കൊണ്ട് പിന്തിരിപ്പിക്കാൻ ആർക്കും കഴിയുകയില്ല.

88-ാം ജൻമദിനം ആഘോഷിക്കുന്ന ഓതറ കോഴിമല സെന്റ് മേരീസ് കോൺവെന്റ് അംഗവും ആശാ ഭവൻ വൈസ്പ്രസിഡന്റും, ട്രഷറാറുമായ സിസ്റ്റർ എലിസബത്തിനെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ സന്ദർശിച്ച് ആശംസകൾ നേർന്നു.

സൂറത്ത് മാർ ബസേലിയോസ് ഓർത്തഡോക്സ് ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.

HH Baselios Marthoma Mathews III Catholicos visited Vasco St Mary's Orthodox Church.

കന്യാസ്ത്രീകൾക്ക് നേരെ നടന്ന അതിക്രമവും അറസ്റ്റും ജനാധിപത്യ വ്യവസ്ഥിതിയോട് ഉള്ള വെല്ലുവിളി

ഡോ. ഗീവർഗീസ് മാർ ബർണബാസ് മെത്രാപ്പോലീത്ത

ഛത്തീസ്ഗഡിൽ രണ്ട് മലയാളി കന്യാസ്ത്രീകളെ കള്ളക്കേസിൽ കുടുക്കി ആൾ കൂട്ട വിചാരണക്ക് വിട്ടു കൊടുക്കുകയും ജയിലിൽ അടക്കുകയും ചെയ്ത നടപടി തികച്ചും പ്രതിക്ഷതാർഹമാണ് . ഇന്ത്യയുടെ മത നിരപേക്ഷ മുഖത്തിന് ഏറ്റ അടിയാണ് ഇത്തരം സംഭവങ്ങൾ. പൂർണ്ണ സമർപ്പിതരായി വിദ്യാഭ്യാസ, ആതുര ശുശ്രൂഷ രംഗത്തും, അശരണരും ആലംബഹീരും, പാർശ്വവരിൽക്കരിക്ക പെട്ടവരുമായ ആളുകളെ എല്ലാം സമൂഹത്തിന്റെ പൊതു ധാരയിലേക്ക് കൈ പിടിച്ച് ഉയർത്തുകയും, അക്ഷരങ്ങളുടെ ലോകത്തേക്ക് പുതിയ തലമുറയെ കൈപിടിച്ച് ഉയർത്തി നല്ല ഭാവി സ്വപ്നം കാണാൻ സഹയിക്കുകയും ചെയ്യുന്ന കന്യാസ്തികളെ ഇത്തരത്തിൽ കള്ള പ്രചാരണത്തിന്റെ ഭാഗമായി അധിക്ഷേ പിക്കുകയും ആക്രമിക്കുകയും ചെയ്യുന്നത് നീതികരിക്കുവാൻ ആവില്ല. ഭാരത സംസ്കാരത്തിനും, മത നിരപേക്ഷതക്കും തുരങ്കം വെക്കുന്ന ഇത്തരം സാമൂ ഹിക വിരുദ്ധർക്ക് എതിരെ നടപടി എടുക്കുകയും മേലിൽ ഇത്തരം നീചപ്രവൃ ത്തികൾ ആവർത്തിക്കാതെ ഇരിക്കുവാൻ ഉത്തരവാദിത്വപ്പെട്ടവർ ശ്രദ്ധിക്കു കയും വേണം. ഇന്ത്യയിലെ സാമൂഹിക സാംസ്ക്കാരിക മുന്നേറ്റത്തിന് ക്രൈസ്തവ സഭകൾ നൽകിയ സംഭാവനകൾ ആർക്കും വിസ്മരിക്കുവാൻ ആവില്ല. മതപരിവർത്തനം എപ്പിസ്കോപ്പൽ സഭകളുടെ വിഷയം അല്ല. മനഃപരി വർത്തനമാണ് സഭകൾ ആഗ്രഹിക്കുന്നത്. അക്രമവും, നീതിരാഹിത്യവും അഴി മതിയും മദ്യവും മയക്കുമരുന്നും എല്ലാം പൊതുസമൂഹത്തെ ഗ്രസിക്കുമ്പോൾ അതിന് നേരെ വിരൽ ചൂണ്ടുന്നവരെ ഇത്തരം കള്ളപ്രചാരണത്തിലൂടെ ഇല്ലാതാക്കാം എന്നതാണ് ചിലരുടെ ലക്ഷ്യമെങ്കിൽ അതിന് വലിയ വില നൽ കേണ്ടി വരും. ക്രൈസ്തവ സഭകൾക്കും, ശുശ്രൂഷകർക്കും നേരെ നടക്കുന്ന എല്ലാ അതിക്രമങ്ങളെയും ശക്തമായി അപലപിക്കുകയും, പ്രതിക്ഷേധിക്കു കയും ചെയ്യുന്നു.

കൊട്ടാരക്കര - പുനലൂർ ഭദ്രാസന ബാലസമാജത്തിന്റെ നേതൃത്വത്തിൽ നിർമ്മിച്ച നൽകിയ ഭവനത്തിന്റെ കൂദാശ കർമ്മം ഭദ്രാസന മെത്രാപ്പോ ലീത്താ ഡോ. യൂഹാനോൻ മാർ തേവോദോറോസ് നിർവഹിച്ചു.

ഫാ. ജിജോ ജോസഫ്
ഏബ്രഹാമിന് ഡോക്ടറേറ്റ് ലഭിച്ചു

നിരണം ഭദ്രാസനത്തിലെ ചെങ്ങരൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ ഫാ. ജിജോ ജോസഫ് ഏബ്രഹാമിന് ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും തിയോളജിയിൽ ഡോക്ടറേറ്റ് നേടി.

Alexios Mar Eusebius Metropolitan Inaugurates New Academic Block of MGM Public School, Bhilai

Bhilai: New Academic Block of MGM Public School, Bhilai was inaugurated on July 26, 2025. The ceremony was solemnized by Alexios Mar Eusebius Metropolitan, who blessed the newly constructed academic block. The occasion was further graced by the esteemed presence of Fr. Geevarghese Cor-episcopa, Fr. Varghese P. Joshua, Fr. Subin Daniel, and Fr. Joel Mathew. Mrs. Ancy Varghese, (Principal) extended a heartfelt welcome to all dignitaries, staff and guests.

എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും എംഎ. ഗ്രാഫിക് ഡിസൈനിൽ ജെമി എലിസബേത്ത് ജിജി മൂന്നാം റാങ്ക് കരസ്ഥമാക്കി. വാകത്താനം ജെറുശലേം സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം കേന്ദ്ര കലാമേള ഓഗസ്റ്റ് 16-ന്

കോട്ടയം: മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനം കേന്ദ്ര കലാമേള ഓഗസ്റ്റ് 16 ശനിയാഴ്ച രാവിലെ 9 മുതൽ കോട്ടയം ബസേലിയസ് കോളേജിൽ നടക്കും. മലങ്കര സഭയുടെ വിവിധ ദേവാലയങ്ങളിൽ നിന്നും വിവിധ കലാലയങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ പങ്കെടുക്കും. വിദ്യാർത്ഥിപ്രസ്ഥാനം പ്രസിഡന്റ് ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ കലാമേള ഉദ്ഘാടനം ചെയ്യും. പങ്കെടുക്കുന്നവർ യൂണിറ്റ് പ്രസിഡന്റിന്റെ സാക്ഷ്യപത്രം സഹിതം ഓഗസ്റ്റ് 10 ന് മുൻപായി www.mgocsm.in എന്ന വെബ്സൈറ്റിൽ പേരുകൾ രജിസ്റ്റർ ചെയ്യണം. വിശദ വിവരങ്ങൾക്ക് +91 94963 29789 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണെന്ന് എം.ജി.ഒ.സി.എസ്.എം ജനറൽ സെക്രട്ടറി ഫാ. ഡോ. വിവേക് വർഗീസ് അറിയിച്ചു.

Ardra Charitable Society received a crossed cheque for Rs 15 Lakhs from our esteemed Justice Benjamin Koshy sir as an endowment fund in memory of his father, Late K.O. Koshy. The meeting took place at Justice Benjamin Koshy's residence in Ernakulam on July 16, 2025, and was attended by Ardra's officials Rev K.Y. Wilson achen, Joseph Alexander, and Roy Thomas.

ഒന്നാം റാങ്ക്

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നു എം.എസ്.സി. ഫിസിക്സിൽ പാക്കാലയിൽ ദിൽനാ ജെയിംസ് ഒന്നാം റാങ്ക് കരസ്ഥമാക്കി.

കോട്ടയം കാരമല സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം കോട്ടയം ,ഇടുക്കി, കോട്ടയം സെൻട്രൽ റീജിയണിന്റെ നേതൃത്വത്തിൽ ഛത്തീസ്ഗഡിൽ കന്യാസ്ത്രീകൾക്ക് നേരെ നടന്ന ആക്രമണത്തിലും, അറസ്റ്റിലും, ഭരണകൂട ഭീകരതയ്ക്കും എതിരെ കോട്ടയം ഗാന്ധി സ്ക്വറിൽ പ്രതിഷേധ ജ്വാല നടത്തി. മുൻ കേന്ദ്ര സെക്രട്ടറി ഷിജോ കെ മാത്യു ഉത്ഘാടനം ചെയ്തു. യുവ ജപ്രസ്ഥാന സെൻട്രൽ റീജിയണൽ സെക്രട്ടറി ഡാനി രാജു അദ്ധ്യക്ഷത വഹിച്ചു. സനു മാത്യു മുഖ്യപ്രഭാഷണം നടത്തി. റോണി ചേലമറ്റം, എബൽ ഷിബു, ലിജിൻ കെ സണ്ണി, രാഹുൽ, ജെഫറി എന്നിവർ പ്രസംഗിച്ചു.